# സാന്തോം മെസഞ്ചർ
# SANTHOME MESSENGER

St. Thomas Forane Church - Parish Bulletin | Vol. 43 | Issue 07 | Aug.-Sept. 2017




# CHRIST NAGAR

VILLAS & PLOTS

ARATT

Changing the way you live

NEAR TO APC CIRCLE, JIGANI CLOSE TO ELECTRONIC CITY

THE FUTURE




DREAM YOUR FUTURE HERE









+91 996 4046 743 +91 994 5502 000 +91 740 6273 300 CHRISTNAGAR@ARATT.IN

LIMITED PERIOD OFFER OF **Rs. 1350/** SQFT ONLY IN ARATT ATLANTIS BREEZE

BMRDA APPROVED

ROW HOUSES : 33 LAKHS ONWARDS*

VILLAS : 45 LAKHS ONWARDS*

# സാന്തോം മെസഞ്ചർ

St. Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

SANTHOME MESSENGER
Vol: 43 / Issue: 7 / Aug.-Sept. 2017

## EDITORIAL BOARD

**Printed & Published by**

**Rev. Fr. Cyriac Madathil CMI**
Vicar, St. Thomas Forane Church
Mob : 9605963021

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**


**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Mr. Benjamin Raphael (Trustee in charge)
Mr. Tony Thomas
Mr. Leejoe Thomas
Mrs. Prameela Varghese
Mrs. Sweetha Mary Rejy

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com



www.stthomasforanechurch.org
stthomasforanechurch@gmail.com

## ഉള്ളടക്കം

ഇടയനാദം 2
Musings From the Editor 3
The Year of Mercy... 4
നന്ദിപൂർവ്വം മുൻ ട്രസ്റ്റിമാർ 5
ബ്ലൂവെയിൽ കാലത്തെ വിശ്വാസം 6
എട്ടു നോമ്പ് പാരമ്പര്യവും അനുഷ്ഠാനവും 9
Krupalaya - treasure from God 10
സ്വാതന്ത്ര്യവും മാതാവിന്റെ സ്വർഗ്ഗാരോപണവും 13
പരിശുദ്ധ അമ്മ സ്വർല്ലോകരാജ്ഞി 14
Catechism Corner 15
സെന്റ് ക്രിസ്റ്റഫർ അസോസിയേഷൻ 17
KIDZEE St. Thomas Church 18
St. Thomas Youth 19
Carmel Buds 19
From the STARTT Desk…….. 20
ഇടവക വാർത്തകൾ 22
എഫാത്ത ബൈബിൾ ക്വിസ് 25




സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, സാഹിത്യ സൃഷ്ടികളും 2017 സെപ്റ്റംബർ 24- ന് മുമ്പായി പാരീഷ് ഓഫീസിൽ ഏൽപ്പിക്കുക.

Email : stthomasforanechurch@gmail.com
Mob. : 9916190495, 4111 6391

# ഇടയനാദം



ആഗസ്റ്റ് മാസം പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സെപ്റ്റംബർ 8 ന് പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളും നാം കൊണ്ടാടുന്നു. സഭയിൽ വളരെയേറെ ഭക്തി വണക്കങ്ങൾ ആണ്ടുവട്ടത്തിൽ പരിശുദ്ധ അമ്മയോടു നടത്തിവരുന്നു. ഈ ഭക്തി വണക്കങ്ങൾ നമ്മുടെ കുടുംബങ്ങളിലും വിശ്വാസ ജീവിതത്തിലും കാതലായ മാറ്റങ്ങൾക്ക് കാരണമാകേണ്ടിയിരിക്കുന്നു.

കുടുംബരംഗങ്ങളും വ്യക്തി ജീവിതങ്ങളും അപൂർവ്വമായ വെല്ലുവിളികളെ നേരിടുന്ന പ്രശ്ന കലുഷിതമായ കാലമാണല്ലോ ഇത്. കുടുംബ ഭദ്രതയ്ക്കും സ്ഥായിയായ ബന്ധങ്ങൾക്കും പ്രാധാന്യം നൽകേണ്ട അവസരവുമാണിത്. ദൈവനിഷേധത്തിന്റെ മാസ്മരിക വലയത്തിലകപ്പെട്ട് അബദ്ധവിശ്വാസങ്ങളിലും സാത്താൻ സേവയിലും അന്ധവിശ്വാസങ്ങളിലും വിശ്വാസം നശിപ്പിക്കുന്നവർക്ക് ശക്തമായ മദ്ധ്യസ്ഥ പരിശുദ്ധ അമ്മ തന്നെ.

കുട്ടികളില്ലാതെ ദുഃഖത്തിലായിരുന്ന എലിസബത്ത്, മിശിഹായുടെ മുന്നോടിയായി പരിശുദ്ധ അമ്മ എത്തിയപ്പോൾ ആനന്ദം കൊണ്ടു നിറഞ്ഞു. അദൃശ്യമെങ്കിലും യേശുവിന്റെ സാന്നിദ്ധ്യം എല്ലാത്തിനും അർത്ഥം നൽകി. മറിയത്തിന്റെ മനോഹരമായ പ്രാർത്ഥനയിൽ ഈ ആനന്ദം ആവിഷ്കരിക്കപ്പെടുന്നു. മഗ്നിഫിക്കാത്ത് (ലത്തീൻ) എന്ന് വിളിക്കുന്ന ഈ പ്രാർത്ഥനയുടെ അന്തഃസത്ത വിനയം, എളിമ എന്ന ജീവിത ശൈലികളാണ്.

എന്റെ എളിമയുടെ അവസ്ഥ എന്താണ്? തന്നിൽ വിശ്വാസം അർപ്പിക്കുന്നവരിലൂടെ ദൈവം പ്രവർത്തിക്കുന്നു. അതുകൊണ്ടാണ് എലിസബത്ത് പറഞ്ഞത് ''വിശ്വസിച്ചവൾ ഭാഗ്യവതി'' (ലൂക്കാ 1:45).

''പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ. നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും'' (മർക്കോ. 11:34). ഈ വചനസാക്ഷ്യങ്ങൾ മറക്കുന്നവരാണ് സഭയിൽ നിന്ന് അകലുന്നത്, അന്ധവിശ്വാസങ്ങൾക്ക് അകപ്പെടുന്നത്. അകത്തോലിക്കാ പ്രസ്ഥാനങ്ങൾക്ക് ജീവിതം അടിയറവുവെയ്ക്കുന്നത്.

എന്റെ പ്രിയ കുടുംബാംഗങ്ങളെ..., നമ്മിൽ നിന്ന് നമ്മുടെ കുഞ്ഞുങ്ങൾ മഗ്നിഫിക്കാത്തിന്റെ ജീവിതം പഠിക്കട്ടെ. അവരിൽ നിന്ന് അവരുടെ നാവിൽ നിന്ന് ദൈവീകാനന്ദത്തിന്റെ കീർത്തനങ്ങൾ പുറപ്പെടട്ടെ.

**Fr. Cyriac Madathil CMI**

Forane Vicar

## FAMILY ON FIRE



ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ട. എന്തുകൊണ്ടെന്നാൽ ഒരു കുടുംബത്തിൽ ഉപകാരവും സന്തോഷവും കൊണ്ടുവരുന്നത് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കളല്ല, പിന്നെയോ ക്രമവും ദൈവപേടിയും ഉള്ള ബന്ധുക്കളത്രെ. എത്രയോ കുടുംബങ്ങൾ ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കൾ കാരണമായിട്ടു കരയുകയും നശിക്കുകയും ചെയ്യുന്നു.

**വി. ചാവറ പിതാവ്**

# *Musings from the Editor*



I'm sure all of us are thankful to the teachers who taught us in school, because of which we are now able to earn a living. But, often we forget to thank our spiritual teachers, our catechism teachers, who teach us lessons for eternal life.

What the students receive in an hour or so requires these teachers to spend hours preparing them. To do that, teachers often have to sacrifice their recreation and rest. It is true that teachers have a responsibility to improve themselves and students are also welcome to give teachers feedback.

But apart from passing critical remarks, have you ever sincerely thanked your teachers or the teachers of your children? Do not be like some people who are so focused on some shortcomings of a teacher that they dismiss the important truths that the lesson is trying to teach you or your children. If you are always very critical, you are only hurting your own soul.

A wise teacher once told a group of people who were learning how to teach that "God goes before me into every classroom I enter. God is present in that room before, during, and after I teach. I don't have to do it all."You are not responsible for changing the lives of your students by your teaching; it is the God of grace who does this. You just tell the story of God's love, and trust God to do the rest.

I want to take this opportunity to thank our teachers. The Lord knows your labour of love.

As we celebrate the Feast of the Nativity of Mother Mary, let us imitate our Mother who was a wonderful parent and mentor, thus making Jesus the BEST teacher.

Yours in Jesus,

**Fr. Justin Manninezhath CMI**

Asst. Vicar


CALLED, COURAGEOUS, COMMITTED

*If you are listening and want to answer the call of God to Priesthood and consecrated life please contact:*

**Rector 9497233140**

**Vice Rector 8296785090**

**DIOCESE OF MANDYA**

**നമ്മുടെ ഇടവകയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റിമാർക്ക് പ്രാർത്ഥനാശംസകൾ**


**Adv. George Joseph**


**John Saju**


**George Chacko**


**Biju George**


**Benjamin Raphael**


**Sherin Devassy**

## *"The Year of Mercy ends, but the mercy never ends"*

**His Holiness Pope Francis**

The holy Bible would have been considered as the most scandalous Book, if the unceasing "Mercy of God" has not been present throughout it.

Human existence will be meaningless, if we do not exhibit this Mercy to our fellow beings, since the existence of human kind and this world itself is revolves on HIS Mercy.

God has a definite plan for each of us and that is the reason why HE has let us be born and to live in this beautiful world, at this particular point of time, even more particularly, at this particular place. The one, who finds, realizes and actualizes HIS definite plan, whatever be it, attains salvation.

Since we have received HIS abundant mercy in every aspect of our life, we are duty bound to express and exhibit this abundant mercy to our fellow beings, in all respects, we can.

In this context, may I speak of the concept of 'Divine aspects of Economics.' We, being Christians, are supposed to have a special and unique attitude towards Economics. It is God who allows everything in our life, whether it is good or bad (in our perspective). God has created every man in his likeness and image and hence the status of being rich or poor is also emanating from God. Thus, being poor is not a humiliation and being rich is not a point of pride.

God is never a debtor. When are charitable to a fellow being, for God's sake, it is being given to God Himself, as everyone is created in HIS likeness and image. When we give to God and God receives from us, God becomes a debtor to us. But God cannot remain as a DEBTOR to HIS creatures. So God has to give it back to HIS creditor and HE gives it back with reward. But when we do charity, for our own fame and popularity, our reward is already received from our own fellow beings and God has nothing to do with it.

Hence, let us be charitable, in every possible way to our fellow beings.

Let us make our faithful community, a community of true sharing, caring and loving. Let us foster each other and not destruct.

Be Kind to everyone, as God is kind to everyone. Have mercy on everyone, as God has mercy on us.

"I desire Mercy, not sacrifice" Mt.9:13.

**Adv. George Joseph**

Cheif Trustee

# നന്ദിപൂർവ്വം മുൻ ട്രസ്റ്റിമാർ








കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്തു പകരം കൊടുക്കും. ഞാൻ അങ്ങയുടെ പാനപാത്രം ഉയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും (സങ്കീ. 6:12-13)

വി. തോമസ് അപ്പസ്തോലന്റെ ധന്യ നാമത്തിൽ പ്രഭ ചൊരിഞ്ഞു നിൽക്കുന്ന നമ്മുടെ ഇടവക ദേവാലയത്തിന്റെ വളർച്ചയിൽ ആദരണീയരായ വൈദീകരോടൊപ്പം സ്നേഹസേവനങ്ങൾ കാഴ്ചവയ്ക്കുവാൻ ഇക്കഴിഞ്ഞ ഒരു വർഷം ദൈവം അനുവദിച്ചു തന്നതിന് ഞങ്ങൾ കൃതാർത്ഥരാണ്. പഠനത്തിനും, ജോലിക്കും വേണ്ടി പല സ്ഥലങ്ങളിൽ നിന്നും ഇവിടെ വന്നു താമസിക്കുന്ന ആയിരങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും, സാന്മാർഗ്ഗിക ജീവിതത്തിനും ഉതകുന്ന വിധം ഇടവകയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഞങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ ഫലദായകമായെന്ന് വിശ്വസിക്കുന്നു.

ദൈവസ്നേഹത്തിന്റെ നിറവിൽ തിരുവചനത്തിന്റെ കാര്യത്തിൽ ഒരുമയോടെ പ്രവർത്തന നിരതരാകുമ്പോൾ ദൈവം ആഗ്രഹിക്കുന്ന വിധം പൊതു നന്മയ്ക്കുവേണ്ടി നിലകൊള്ളുവാൻ സാധിക്കും എന്ന വലിയ ബോദ്ധ്യത്തിലേയ്ക്കു ഇക്കഴിഞ്ഞ ഒരു വർഷത്തെ അനുഭവങ്ങൾ ഞങ്ങളെ നയിക്കുകയായിരുന്നു.

ഈ ബോദ്ധ്യത്തിന്റെ വെളിച്ചത്തിൽ മാണ്ഡ്യരൂപതയ്ക്കുവേണ്ടി ഒരു സീറോ മലബാർ കമ്യൂണിറ്റി വളർത്തുന്നതിന്റെ ഭാഗമായി ആനക്കൽ ജിഗണി റോഡിൽ ആരംഭിച്ചിരിക്കുന്ന ക്രൈസ്റ്റ് നഗർ പ്രോജക്റ്റും, ക്രൈസ്റ്റ് നഗർ പബ്ളിക് സ്കൂളും അതിന്റെ വളർച്ചയുടെ പാതയിൽ മുന്നേറ്റം തുടരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മുൻവികാരി, ബഹു. തോമസ് കല്ലുകളം അച്ചനെ നന്ദിയോടെ സ്മരിക്കുന്നു. മണ്ഡ്യാരൂപതയുടെ ഏറ്റവും നല്ല ഒരു ഇടവക സമൂഹം ഇവിടെ രൂപം കൊള്ളുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല.

ഈ പ്രോജക്റ്റ് പാതിവഴിയിൽ മുടങ്ങിപ്പോകുമെന്ന പ്രതികൂല സാഹചര്യങ്ങൾ വന്നപ്പോൾ ഞങ്ങൾ ട്രസ്റ്റിമാർക്ക് ഉണർവ്വും, ഊർജ്ജവും നൽകിയ പ്രിയ ബഹുമാനപ്പെട്ട ജസ്റ്റിൻ അച്ചനെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല.

സെന്റ് മേരീസ് പാരീഷ് ചർച്ച് ട്രസ്റ്റിന്റെ വളർച്ചയുടെ അവസാന ഘട്ടങ്ങളിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. ഈ പ്രോജക്റ്റിന്റെ ഭാവി നമ്മുടെ പുതിയ വികാരി ബ. സിറിയക് മഠത്തിൽ അച്ചന്റേയും അസി. വികാരിമാർ, ചാൻസലർ റവ. ഫാ. ജോമോൻ കോലഞ്ചേരി എന്നിവരുടെ കൈകളിൽ സുഭദ്രമാണ്.

നമ്മുടെ അഭിവന്ദ്യ പിതാവ് മാർ ആന്റണി കരിയിലിന്റെ അനുഗ്രഹാശംസകൾ നമുക്ക് എന്നും എപ്പോഴും പ്രചോദനമായിരുന്നു. ഞങ്ങൾ ട്രസ്റ്റിമാരുടെ പ്രവർത്തനങ്ങളോട് ഇടവക സമൂഹം കാണിച്ച ആത്മാർത്ഥമായ സഹകരണവും സഹായവും വളരെയധികം പ്രോൽസാഹനാത്മകമായിരുന്നു. ഞങ്ങളുടെ നാനാവിധ പ്രവർത്തനങ്ങളോട് സ്നേഹപൂർവ്വം സഹകരിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

ഏതൊരവസ്ഥയിലും യാതൊരു വ്യവസ്ഥകളുമില്ലാതെ സ്നേഹിക്കുന്ന സ്നേഹസമ്പന്നനായ ദൈവം, നമ്മുടെ ഇടവകയ്ക്കും, ഇതിലെ ഓരോ കുടുംബത്തിനും രക്ഷകനും നാഥനും ആയി ഭവിക്കട്ടെ. നമ്മുടെ ജീവിതതിലെ എല്ലാ വിജയങ്ങളുമോർത്ത് ദൈവതിരുമുമ്പിൽ നന്ദിയുള്ളവരായി മാറാം

**ബെന്നി സെബാസ്റ്റ്യൻ**

# ബ്ലൂവെയിൽ കാലത്തെ വിശ്വാസം

***Faith is a knowledge within the heart beyond the reach of proof***

**Khalil Gibran**



**Tony Thomas**

വർഷം 1980, പ്രസിദ്ധ അമേരിക്കൻ അന്വേഷണാത്മക പത്രപ്രവർത്തകനും തികഞ്ഞ യുക്തിവാദിയുമായിരുന്ന ലീ സ്ട്രോബൽ പുതിയൊരു അന്വേഷണത്തിന് തുടക്കമിട്ടു, ക്രിസ്തു എന്നതൊരു മിത്ത് മാത്രമെന്നും ക്രിസ്തുവുമായി ബന്ധപ്പെട്ട എല്ലാ ചരിത്ര സംഭവങ്ങളും കെട്ടുകഥകൾ മാത്രമെന്നും തെളിയിക്കുക എന്നതായിരുന്നു ആ അന്വേഷണത്തിന്റെ ഉദ്ദേശ്യം. അതിന് അയാൾക്ക് വ്യക്തിപരമായ ചില കാരണങ്ങൾ കൂടി ഉണ്ടായിരുന്നു. ചില അനുഭവങ്ങളെ തുടർന്ന് അയാളെപ്പോലെ തന്നെ യുക്തിവാദിയായിരുന്ന ഭാര്യ അടുത്തിടെ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചിരുന്നു. അതയാളെ അങ്ങേയറ്റം അസ്വസ്ഥനാക്കുകയും ആ വിശ്വാസം വെറും മണ്ടത്തരം മാത്രമെന്ന് തെളിയിക്കുകയും ചെയ്യുക എന്നത് കൂടി ലീയുടെ അന്വേഷണത്തിന് കാരണമായിരുന്നു.

ഏകദേശം രണ്ടു വർഷത്തോളം ലോകത്തിന്റെ പലയിടങ്ങളിൽ സഞ്ചരിച്ച് ഒരുപാട് ചരിത്ര തെളിവുകളിലൂടെ ലീ കടന്നു പോയി. ആസ്തികരും നാസ്തികരുമായ പല പണ്ഡിതരെയും കണ്ടു സംസാരിക്കുകയും ചെയ്തു. ക്രിസ്തുസത്യത്തെ കുറിച്ച് നടന്ന വലിയ അന്വേഷണങ്ങളിൽ ഒന്നായിരുന്നു അത്. അക്കാലമത്രയും അയാളുടെ ഭാര്യ പ്രാർഥനയോടെ അയാളുടെ തിരിച്ചു വരവിനായി കാത്തിരിക്കുകയായിരുന്നു.

ഒടുവിൽ ക്രിസ്തു എന്ന വലിയ സത്യത്തെ മനസ്സിലാക്കി ലീ തിരിച്ചു വന്ന് തന്റെ വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുകയും തന്റെ അനുഭവങ്ങളും അന്വേഷണങ്ങളും വിവരിച്ചുകൊണ്ട് The Case for Christ എന്നൊരു പുസ്തകം രചിക്കുകയും ചെയ്തു. ഇന്നും ഒരു ബെസ്റ്റ് സെല്ലറാണ് ആ പുസ്തകം. ആ പുസ്തകത്തിനെ അധികരിച്ച് ഈ വർഷം അതെ പേരിൽ നിരൂപക പ്രശംസയാർജിച്ച ഒരു അമേരിക്കൻ സിനിമയും പുറത്തു വന്നിരുന്നു. ലോകം കണ്ട മികച്ച ക്രിസ്ത്യൻ എഴുത്തുകാരിൽ ഒരാളും പ്രഭാഷകനുമാണ് ലീ ഇന്ന്.

പറഞ്ഞു വന്നത് വിശ്വാസത്തെ കുറിച്ചാണ്. മുൻകാലങ്ങളിൽ വിശ്വാസം ഒരു ശീലം ആയിരുന്നു. ഇന്ന് കാലം മാറിയിരിക്കുന്നു. ലോജിക്കിന്റെ ലോകത്താണ് ഇന്നത്തെ തലമുറ ജീവിക്കുന്നത്. എന്തിനും തെളിവുകൾ വേണ്ടൊരു കാലം, കണ്ടും അറിഞ്ഞും മാത്രം വിശ്വസിക്കുന്നൊരു കാലം. ഈ കാലത്തിൽ വിശ്വാസം അവനവൻ അന്വേഷിച്ചു കണ്ടെത്തേണ്ടുന്ന ഒന്നാണ്. അതേ, നല്ലൊരു വിശ്വാസിയാകാൻ നിങ്ങൾ വലിയ ചില അനുഭവങ്ങളിലൂടെ, അന്വേഷണങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. അപ്പോൾ മാത്രമേ വിശ്വാസം സ്വയം കണ്ടറിഞ്ഞ ഒരു സത്യമായി ആഴങ്ങളിൽ വേരോടുകയുള്ളൂ.

ദൈവം തന്റെ വീശുമുറം കൊണ്ട് എല്ലാ ജീവിതങ്ങളെയും പാറ്റുന്നുണ്ട്. അകക്കാമ്പുള്ളവരാണ് ശേഖരിക്കപ്പെടുക. അല്ലാത്തവർ കാറ്റത്തിങ്ങനെ... എങ്ങുമുറയ്ക്കാതെ...

സഭയിലെ ഏതെങ്കിലും ഒരു അംഗത്തിന് പറ്റുന്ന പിഴവിനെ സഭയുടെ മൊത്തം പിഴവായി ചിന്തിച്ച് സഭയിലും ദൈവത്തിലുമുള്ള വിശ്വാസം മുഴുക്കെ തള്ളിപ്പറഞ്ഞു ജീവിക്കുന്ന എത്രയോ പേർ. Gambler's fallacy എന്നൊരു സംഗതിയുണ്ട്. നിങ്ങളുടെ കയ്യിൽ ഒരു കുട്ട ആപ്പിൾ ഉണ്ടെന്നു കരുതുക. നിങ്ങൾ അതിൽനിന്നും രണ്ട് ആപ്പിളുകൾ എടുക്കുന്നു. അവ രണ്ടും ചീത്തയായിരുന്നു. അതിനാൽ ആ കുട്ടയിലെ മുഴുവൻ ആപ്പിളുകളും ചീഞ്ഞതാണെന്നു നിങ്ങൾ അങ്ങ് തീരുമാനിക്കുന്നു. മിക്കവരുടെയും ദൈവവിശ്വാസം ഇങ്ങനെയൊക്കെത്തന്നെയാണ്.

പഴയൊരു റൂമി വാചകം പോലെ, 'സത്യമെന്നത് ദൈവത്തിന്റെ കയ്യിൽ നിന്നും വീണുടഞ്ഞു പോയൊരു കണ്ണാടി

യാണ്. ഓരോരുത്തരും അതിന്റെ ഓരോ കഷണങ്ങൾ കയ്യിൽ പിടിച്ചു കൊണ്ട് എന്റെ കയ്യിലുള്ളത് മാത്രമാണ് സത്യം എന്ന് പറയുന്നു.'

സുഖം ദുഃഖം എന്നിങ്ങനെ അജ്ഞതയ്ക്ക് രണ്ടു മുഖങ്ങളുണ്ട്. സുഖവും സന്തോഷവും വേഗത്തിൽ ഓർമ്മയിൽ നിന്നും മാഞ്ഞു പോകുന്നു. നമ്മൾ സന്തോഷിക്കുകയാണെന്ന കാര്യം പോലും നാം ഓർക്കാറില്ല. എന്നാൽ ദുഃഖത്തിന് മൂർച്ച കൂടുതലാണ്. അത് ആഴത്തിൽ പതിയുകയും 'എന്തുകൊണ്ട് ഈ ദുഃഖം?' എന്ന താത്വികമായ ചിന്തയിലേയ്ക്ക് നാം വഴുതി വീഴുകയും ചെയ്യുന്നു. അങ്ങനെയൊരു സന്ദർഭത്തിലാണ് പലപ്പോഴും നാമറിയുക, ഇത്രകാലവും സമൂഹത്തിൽ നാം കെട്ടിപ്പടുത്ത പേരും പെരുമയുമെല്ലാം തകരുകയാണെന്ന്. എന്നാൽ ജീവിതത്തിൽ സാധ്യമായ ഏറ്റവും വലിയ നേട്ടത്തിന്റെ തുടക്കമാവാം അത്. പക്ഷെ അത് തീരുമാനിക്കേണ്ടത് നിങ്ങൾ തന്നെയാണ്.

ഗ്രീക്ക് സാഹിത്യകാരനായ നിക്കോസ് കസൻദിസാക്കിസിന്റെ വാക്കുകൾ കടമെടുത്താൽ, 'നിങ്ങളുടെ കയ്യിൽ ബ്രഷും കളറുകളുമുണ്ട്, അതുപയോഗിച്ചു പറുദീസ വരച്ച് നിങ്ങൾക്ക് അതിലേയ്ക്ക് പോകാം...' പക്ഷെ നമ്മിൽ പലരും ആ ബ്രഷും കളറുമുപയോഗിച്ച് ഒരു നരക ചിത്രം വരച്ച് അതിൽ ജീവിക്കുന്നു. എന്നിട്ട് ദൈവത്തെയും വിധിയെയും ലോകം മുഴുവനെയും പഴി പറയുന്നു.

സർവജ്ഞനും സർവ്വ വ്യാപിയുമായ ദൈവത്തിന്റെ കാരുണ്യത്തിനു വിധേയനാണ് മനുഷ്യൻ. എന്നാൽ കഠിനമായ ചില അനുഭവങ്ങളുടെ സന്ദർഭത്തിൽ ദൈവ സാന്നിധ്യത്തിന് പകരം ഭയാനകമായ ശൂന്യത നമുക്ക് അനുഭവപ്പെടുന്നു. ആ മഹാ ശൂന്യതയിലേയ്ക്കു നോക്കുമ്പോൾ, ദൈവം മാത്രമല്ല സകല തത്വശാസ്ത്രങ്ങളും പ്രമാണങ്ങളും തന്നെ വഞ്ചിച്ചതായി തോന്നിപ്പോകുന്നു. അതുകൊണ്ടാണ് ദുഃഖമെന്നാൽ അജ്ഞത രൂപം മാറി വന്നതാണെന്നും, അതും കടന്നുപോകുന്നൊരു പ്രതിഭാസം മാത്രമാണെന്നും വിശ്വസിക്കാൻ നമുക്ക് കഴിയാതെ പോകുന്നത്.

പെട്ടെന്ന് നാം ഇരുളിൽ അകപ്പെടുമ്പോൾ, അറ്റം കാണാത്ത ഒരു തുരങ്കത്തിൽ പെട്ട് പോകുമ്പോൾ ആദ്യമുണ്ടാകുന്ന ഞെട്ടൽ നമ്മെ ഒരു സ്തംഭനാവസ്ഥയിൽ എത്തിക്കുന്നു, ഒന്നുമേ ചെയ്യാനാവാത്ത ഒരു കാലം. അത് മാറിക്കഴിയുമ്പോൾ പ്രതീക്ഷയുടെ ഒരു പുതു വെളിച്ചം നമ്മുടെ ഉള്ളിൽ ഉയരുന്നു. പ്രശ്നങ്ങളെ നേരിടാനുള്ള, പ്രതിസന്ധികളെ അതിജീവിക്കാനുള്ള ഒരു കരുത്ത് ഉണ്ടായി വരുന്നു. ജീവിക്കുവാനും മുൻപോട്ടു പോകുവാനുമുള്ള കാരണങ്ങളെ ദൈവം നമുക്ക് തരുന്നു. നമ്മെ വെളിച്ചത്തിലേയ്ക്കു നയിക്കുവാനും ചില ബോധ്യങ്ങളിലേയ്ക്ക് എത്തിക്കുവാനും മാത്രമായി ചിലർ നമ്മുടെ ജീവിതത്തിലേയ്ക്ക് കടന്നു വരുന്നു.

ഈ ലോകം ജേതാക്കളുടെയും ഭൂരിപക്ഷങ്ങളുടെയും മാത്രമല്ല, തോറ്റു പോയവരുടെയും ഒറ്റപ്പെടുത്തപ്പെട്ടവരുടെയും ന്യൂനപക്ഷങ്ങളുടേതും കൂടിയാണ്. അല്ലെങ്കിലും എന്താണ് നിങ്ങൾ ഈ പറയുന്ന ജയവും തോൽവിയും. നിയതിയുടെ നിയമമാണ് മാറ്റം. സ്ഥിരമായൊരു ജേതാവോ തോറ്റു പോയവനോ ഈ ലോകത്തിൽ ഇല്ല. കാലം മാറും, ജയിച്ചവർ തോൽക്കുന്നതും തോറ്റവർ ജയിച്ചു കയറുന്നതും കാലം നമുക്ക് കാണിച്ചു തരും. ക്ഷമയോടെ കാത്തിരിക്കുക എന്നത് മാത്രം. ദൈവം സൃഷ്ടിച്ച മുളന്തണ്ടുകളാണ് നാം. ഓരോ കടുത്ത അനുഭവവും വേദനയോടെ അതിൽ തുളകൾ വീഴ്ത്തുന്നു. പിന്നെ ദൈവമെന്ന ഇളം കാറ്റ് അതിലൂടെ കടന്നു പോകുമ്പോൾ നാം മധുരമുള്ള സംഗീതം പൊഴിക്കുന്നു.

ഇത് ബ്ലൂ വെയിലുകളുടെ കാലമാണല്ലോ. എത്ര കുഞ്ഞുങ്ങൾ ആത്മഹത്യക്കൊരു പുതിയ വഴി കണ്ടെത്തുന്നു. മാധ്യമങ്ങളാകട്ടെ നിറം പിടിപ്പിച്ച എത്രയോ കെട്ടുകഥകൾ നമുക്ക് വിളമ്പുന്നു. പക്ഷെ ആരും പറയാത്തൊരു സത്യമുണ്ട്. സത്യത്തിൽ ഈ കളി കളിച്ചു ആത്മഹത്യ ചെയ്തു എന്ന് നാമറിയുന്നവർ ഇരകൾ മാത്രമാണ്. യാഥാർത്ഥത്തിൽ കളി നടക്കുന്നത് നിരാശ മൂത്ത് ജീവിതം മടുത്ത മനുഷ്യരെ സോഷ്യൽ മീഡിയ ഇടപെടലുകളിലൂടെ കണ്ടെത്തി നിരാശയുടെ അങ്ങേയറ്റം വരെയെത്തിച്ചു ആത്മഹത്യ ചെയ്യിക്കുന്ന കുറെ സൈക്കോപാത്തുകൾ തമ്മിലാണ്. എത്രപേരെ ആത്മഹത്യ ചെയ്യിച്ചു എന്ന എണ്ണമനുസരിച്ചാണ് അവർ വിജയികളാകുന്നത്. ഒരുതരം ചൂണ്ടയിടൽ മത്സരം. കൂടുതൽ മീനുകളെ പിടിക്കുന്നവൻ വിജയി. അതിനവർ പറയുന്ന കാരണമാകട്ടെ ഇങ്ങനെ നിരാശ പിടിച്ച പാഴ് ജന്മങ്ങളെ ഭൂമിയിൽ നിന്നും ഒഴിവാക്കി ഭൂമിയെ കുറേക്കൂടി മികച്ച ഒരിടമാക്കുകയാണെന്നാണ്.

എന്തുകൊണ്ട് നമ്മുടെ കുഞ്ഞുങ്ങൾ എന്ത് ചെയ്യുന്നു, ആരോടൊക്കെ കൂട്ട് കൂടുന്നു എന്ന് നാമറിയാതെ പോകുന്നു. കുഞ്ഞുങ്ങളോടുള്ള കൂടിയ വിശ്വാസം കൊണ്ടോ? അല്ലല്ലോ. അങ്ങനെയെങ്കിൽ അവർക്കും അടുത്ത തലമുറകൾക്കും സമ്പാദിച്ചു വയ്ക്കേണ്ടത് കുറെ സ്വത്തുക്കൾ മാത്രമെന്ന് കരുതി അവ സ്വരൂപിക്കാനുള്ള അന്തമില്ലാത്ത ഓട്ടത്തിനിടയിൽ ആ കുഞ്ഞുങ്ങളെ ഒന്ന് കേൾക്കാൻ പോലും സമയമില്ലാതെ പോകില്ലായിരുന്നല്ലോ. അവർക്ക് സ്വന്തം ജീവിതത്തിനു വേണ്ടത് ഉണ്ടാക്കാൻ കഴിയാതെ പോകുമോ എന്നുള്ള സംശയം കൊണ്ട് കൂടിയാണല്ലോ ഈ നെട്ടോട്ടം. ഈ ഓട്ടത്തിനിടയിൽ ഒറ്റപ്പെട്ടു പോകുന്ന, ഒന്നിലും പ്രതീക്ഷയോ നന്മയോ കാണാനുള്ള ശേഷിയില്ലാതെ പോകുന്ന, ഓരോ മനുഷ്യനും തന്റെ

വിജയത്തിന് തടസ്സം നിൽക്കുന്ന ശത്രുവാണെന്ന് ധരിച്ചു പോയ, വിശ്വാസം നഷ്ടപ്പെട്ട കുഞ്ഞുങ്ങൾ പിന്നെന്തിലാണ് അഭയം തേടുക. അവർ തങ്ങളെ കേൾക്കുവാൻ തയ്യാറുള്ള ആരുടെയൊക്കെയോ പുറകെ പോകുന്നു. അവസാനം അതിലും പ്രതീക്ഷ നശിച്ച് എല്ലാം അവസാനിപ്പിക്കുന്നു.

ആധുനിക കാലത്തെ ജീവിതം ഒരു കെട്ടുകാഴ്ചയാണ്. മറ്റുള്ളവരുടെ മുൻപിൽ പൊങ്ങച്ചം കാണിക്കാനുള്ള ഒന്ന് മാത്രമാണ് ജീവിതവും അവനവന്റെ കുഞ്ഞുങ്ങളും. ഒരു പൂ വിരിയുന്നതോ ഇളം കാറ്റ് വീശുന്നതോ നാമറിയുന്നില്ല, താല്പര്യവുമില്ല. അതിൽ എന്ത് ലാഭം എന്നത് മാത്രം ചിന്ത.

പണ്ട് പണ്ട് ഒരു മനുഷ്യനുണ്ടായിരുന്നു. ആ മനുഷ്യന്റെ കണ്ണുകൾക്ക് ഒരു വിശേഷതയുണ്ടായിരുന്നു. വയലിൽ നിൽക്കുന്ന ലില്ലികളെ കണ്ടാൽ അതിന്റെ സൗന്ദര്യം പൂർണ്ണമായി ഉൾക്കൊള്ളുവാനും ആകാശത്തിലെ പറവകളെ നോക്കി കവിത ചൊല്ലുവാനും ആ മനുഷ്യന് കഴിയുമായിരുന്നു. ഒരു കുഞ്ഞു പക്ഷിയുടെ സാമ്പത്തിക ശാസ്ത്രം പറയുവാനും അതിന്റെ ധന്യതയെക്കുറിച്ചു നമ്മെ ബോധവാന്മാരാക്കാനും കഴിയുമായിരുന്നു. ആ യേശുവാണ് ലോക രക്ഷകൻ. അതെ ആ ദൈവത്തിലാണ് നാം വിശ്വസിക്കുന്നു എന്നഭിമാനിക്കുന്നത്.

കുഞ്ഞു കാര്യങ്ങളിലൂടെയാണ് അവിടുന്ന് നമ്മോടു സംസാരിച്ചത്. യേശു പറഞ്ഞ ഉപമകൾ നോക്കുക, ഒരു വലിയ കാര്യം പോലുമില്ല. ഏതൊരു കൊച്ചു കുഞ്ഞിനും മനസ്സിലാക്കാൻ കഴിയുന്നത്ര ലളിതം. എന്നാൽ ലോകം കണ്ട വലിയ പണ്ഡിതന്മാർ ഇനിയും അതിന്റെ ഗഹനതയെക്കുറിച്ചു പഠനം നടത്തിക്കൊണ്ടിരിക്കുന്നു. കാലാനുസൃതം സ്വയം നവീകരിക്കുന്നു എന്നതാണാ വചനങ്ങളുടെ സവിശേഷത.

നമ്മുടെ പ്രാർഥനകൾ നമുക്ക് വേണ്ടവ നേടിയെടുക്കാനുള്ള അപേക്ഷ സമർപ്പണങ്ങൾ മാത്രമായിരിക്കുന്നു. അതല്ലല്ലോ ക്രിസ്തു നമ്മെ പഠിപ്പിച്ചത്, മിഴി പൂട്ടി അകത്തേയ്ക്ക് നോക്കി ദൈവവുമായി സ്വകാര്യ സംഭാഷണങ്ങളിൽ ഏർപ്പെടുവാനാണ് ക്രിസ്തു പഠിപ്പിച്ചത്. കരുണയ്ക്ക് വേണ്ടിയുള്ള കരച്ചിലുകളായിരുന്നു ഭൂമിയിലുണ്ടായ എല്ലാ യഥാർത്ഥ പ്രാർഥനകളും. വിശ്വാസം എന്നത് ആൾക്കൂട്ടങ്ങളുടെ അംഗബലം കാട്ടുവാനുള്ള കേട്ടുകാഴ്ച്ചകളല്ലല്ലോ. അനന്ത കാരുണ്യത്തെ തിരിച്ചറിയുവാനും ഓരോ അനുഭവത്തിലൂടെയും സ്വയം വിശുദ്ധീകരിക്കപ്പെട്ട് ദൈവത്തോട് കൂടുതൽ അടുക്കുവാനും അവിടുന്ന് നമ്മോടു കാണിക്കുന്ന കരുണയെ സഹജീവികളിലേയ്ക്ക് പകരുവാനുമുള്ള ആഹ്വാനമാണ് വിശ്വാസം.

എത്ര അകന്നു പോയാലും, എത്ര ബലമുള്ള തൂണുകളിൽ ചാരി നിന്നാലും ഒടുവിൽ ഒരുനാൾ നാം ദൈവത്തെ തിരിച്ചറിയും. ദൈവമെന്ന പരമമായ സത്യമൊഴികെ നിങ്ങൾ ചാരി നിൽക്കുന്നവയെല്ലാം ഒരുനാൾ ചെരിഞ്ഞു വീഴും. എത്രയോ ഉദാഹരണങ്ങൾ. ആ അനുഭവത്തിലൂടെ കടന്നു പോകുമ്പോൾ നാമറിയും വിശ്വാസമെന്നത് ഒരു തോന്നലല്ല, പരമമായ സത്യമെന്ന്.

അതിലേയ്ക്ക് ആ അനുഭവങ്ങളിലേയ്ക്ക് നമ്മുടെ കുഞ്ഞുങ്ങളെ നമുക്ക് ഒരുക്കാം. നമ്മുടെ കുഞ്ഞുങ്ങളെ കേൾക്കാൻ നമുക്ക് കാതുകൾ ഉണ്ടാകട്ടെ അവരുടെ കുഞ്ഞു സന്തോഷങ്ങൾ നമ്മൾ തിരിച്ചറിയട്ടെ. എന്തിനിത്ര ഗൗരവം? നിങ്ങളുടെ ഈ ഗൗരവം കണ്ട് അവർ തളർന്നിരിക്കുന്നു. അവരുടെ കുഞ്ഞു വേദനകൾ പോലും പറയാൻ ഭയന്ന് അവർ സ്വയം ഒതുങ്ങുന്നു. അവരെ നമുക്ക് സ്നേഹിക്കാൻ പഠിപ്പിക്കാം. മനുഷ്യരെ സ്നേഹിക്കുമ്പോൾ അവർ സൃഷ്ടാവിനെ സ്വയം അറിയും. ഈ ലോകം എല്ലാവരുടേതുമാണെന്നു അവർ അറിയും. അവർ നല്ല പുസ്തകങ്ങൾ വായിക്കട്ടെ, നല്ല സംഗീതം കേൾക്കട്ടെ, നല്ല സിനിമകൾ കാണട്ടെ, യാത്രകൾ ചെയ്യട്ടെ. ഓരോ യാത്രയിലൂടെയും അവർ ലോകത്തെ, മനുഷ്യന്റെയും ദൈവത്തിന്റെയും കരുണയെ അറിയട്ടെ. അപ്പോൾ അവരുടെ വിശ്വാസത്തിന്റെ വേരുകൾ ആഴത്തിൽ വളരും, ഒരു കൊടുങ്കാറ്റിനും ഇളക്കാനാവാത്ത വിശ്വാസത്തിൽ. നന്മ എന്തെന്നറിയുന്ന ഒരുവനെ തിന്മയെ തിരിച്ചറിയുവാനും അതിനെ ചെറുക്കുവാനും കഴിയൂ. സ്നേഹവും സത്യവും നമ്മെ സ്വതന്ത്രരാക്കട്ടെ.

പ്രസിദ്ധനായ അമേരിക്കൻ ചലച്ചിത്രകാരൻ മാർട്ടിൻ സ്കോർസ്സസിയുടെ **Silence** എന്നൊരു മനോഹര സിനിമയുണ്ട്. പതിനേഴാം നൂറ്റാണ്ടിൽ ജപ്പാനിൽ സുവിശേഷ വേലയ്ക്കു പോയ ജെസ്യൂട്ട് മിഷനറിമാരുടെ കഥയാണ് സിനിമ പറയുന്നത്. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം വിശ്വാസം ഉപേക്ഷിക്കുന്നു എന്ന് പ്രഖ്യാപിച്ച് അവിടെത്തന്നെ ശിഷ്ടകാലം നയിക്കേണ്ടി വരുന്നൊരു മിഷനറിയുണ്ട് അതിൽ. ക്രിസ്തു വിശ്വാസം കുറ്റമായിത്തീരുന്നൊരു കാലത്തിൽ ജീവിച്ചു മരിച്ച ആ മനുഷ്യന്റെ ശവക്കുഴിയിലെ കൂമ്പി പിടിച്ച കരത്തിനുള്ളിലേയ്ക്കാണ് അവസാന കാഴ്ച കടന്നു കയറുന്നത്. ആരും കാണാതെ മുറുകെ പിടിച്ച ആ കൈക്കുള്ളിൽ ഒരു കുരിശായിരുന്നു...

*I said to the almond tree, 'Friend, speak to me of God ' and the almond tree blossomed.*

*Nikos Kazantzakis*

# എട്ടു നോമ്പ് പാരമ്പര്യവും അനുഷ്ഠാനവും

എമിൽ പുള്ളിക്കാട്ടിൽ



അനുഷ്ഠാനങ്ങൾക്ക് ഒരു സാർവ്വത്രിക മാനം ഉണ്ടെങ്കിലും പ്രാദേശിക ഭേദങ്ങളും അവയിൽ ഉൾച്ചേരുന്നുണ്ട്. എന്തിനേറെ, ആത്മീയത വ്യക്തിപരമെന്നതുപോലെ പ്രാദേശികമായി രൂപപ്പെടുന്ന അനുഷ്ഠാനങ്ങളുമുണ്ട്. ആ പ്രദേശത്തിന്റെ ചരിത്രത്തോടും പാരമ്പര്യങ്ങളോടും അഭേദ്യം ബന്ധപ്പെടുത്തി നെയ്തെടുത്താണ് ഇത്തരം അനുഷ്ഠാനങ്ങൾ മനുഷ്യമനസ്സുകളിൽ ഗാഢമായ ഒരു സൗരഭ്യം സൂക്ഷിക്കുന്നത്. പറഞ്ഞു വരുന്നത് എട്ടു നോമ്പ് തിരുനാളിനെക്കുറിച്ചാണ്.

പൗരസ്ത്യ സഭാപാരമ്പര്യത്തിന്റെ ഗർഭഗേഹത്തിലാണ് എട്ടുനോമ്പു തിരുനാളും മറിയത്തിന്റെ ജനനത്തിരുന്നാളും രൂപമാകുന്നത്. കേരള സഭ അതിനെ ടിപ്പുവിന്റെ പടായോട്ടത്തിൽ നിന്നു രക്ഷതേടി യുവതികൾ ദേവാലയത്തിൽ പ്രാർത്ഥനാ നിരതരായി ഇരുന്ന ചരിത്രവുമായി, ബന്ധിപ്പിച്ചു വ്യാഖ്യാനിക്കാറുണ്ട്. ഔദ്യോഗിക വ്യാഖ്യാനമല്ലെന്ന് ഓർമ്മിപ്പിച്ചുകൊള്ളട്ടെ. എങ്കിലും, സഭയുടെ ആദിമ നൂറ്റാണ്ടു മുതൽ നില നിന്നും ആചരിച്ചും പോന്നിരുന്ന ഒരു അനുഷ്ഠാനവും തിരുനാളുമായിരുന്നു ഇവ എന്ന് അഭിപ്രായങ്ങളുമുണ്ട്. മറിയത്തിന്റെ കൂടെ വസിച്ചിരുന്ന സ്ത്രീകൾ ഒരു പ്രത്യേക പ്രാർത്ഥന പിന്തുടർന്നിരുന്നുവെന്നും ക്രമേണ അത് എട്ടുനോമ്പായി പരിണമിച്ചുവെന്നുമാണ് ഒരു നിരീക്ഷണം. മറ്റൊന്ന് ചരിത്രവുമായി ഇഴചേർന്ന് കിടക്കുകയാണ്. പേർഷ്യയിലെ ചക്രവർത്തിയായ കെസ്രു അബ്രവീസിന്റെ (എ.ഡി 590) ഭരണ കാലമാണ് പശ്ചാത്തലം. രാജ്യത്ത് ഹെയിറാ എന്ന ഒരു പട്ടണത്തിൽ സൗന്ദര്യവതികളായ യുവതികൾ ഉണ്ടെന്ന് രാജാവ് മനസ്സിലാക്കുന്നു. അവരെ കൊട്ടാരത്തിലേക്ക് അയക്കാൻ നാടുവാഴിക്ക് രാജാവിൽ നിന്ന് കല്പന കിട്ടുന്നു. രാജാവിന്റെ കൽപ്പനയിൽ നിന്ന് രക്ഷപെടാൻ അവർ ദേവാലയങ്ങളിൽ ഉപവാസമനുഷ്ഠിച്ചു പ്രാർത്ഥിച്ചു. എട്ടാം നാൾ രാജാവു മരിച്ചു. എട്ടു നോമ്പു തിരുനാളിന്റെ ആരംഭം അങ്ങനെയാണെന്നു മറ്റൊരു പാരമ്പര്യം.

കേരളത്തിൽ എട്ടുനോമ്പു തിരുനാൾ വ്യാപകമായത് പേർഷ്യയുമായി നിലനിന്നിരുന്ന ആത്മീയ കൈമാറ്റങ്ങളാകാം. ഇറാഖിൽ നിന്ന് 8-ാം നൂറ്റാണ്ടിൽ ഒരു കുടിയേറ്റവും സംഭവിക്കുന്നുണ്ട്. ഉദയം പേരൂർ സൂനഹദോസിനു ശേഷം അൽപ്പം ക്ഷീണം സംഭവിച്ച ഈ ഭക്താനുഷ്ഠാനം, യാക്കോബായ സഭയിൽ സജീവമായി തുടരുകയും സീറോ മലബാർ സഭയിൽ അടുത്ത കാലങ്ങളായി ആദ്യചൈതന്യം പുനർജ്ജീവിപ്പിക്കുന്ന രീതിയിൽ പുനരാരംഭിക്കുകയും ചെയ്തു എന്നു നമുക്കറിയാം.

ടിപ്പുവിനെ ഭയന്ന് ദേവാലയങ്ങളിൽ അഭയം തേടിയ കേരളത്തിലെ സ്ത്രീകൾക്ക് പ്രചോദനമായത് പേർഷ്യയിലെ സംഭവം തന്നെയാകണം. ഇന്നും മനുഷ്യൻ അഭയത്തെ ധ്യാനിക്കുമ്പോൾ മറിയം അവരുടെ മനസ്സിൽ പ്രകാശഗോപുരമായി തുയിലുണരുന്നു. 'നിത്യസഹായ നാഥേ' എന്ന് നാം വിശ്വാസപൂർവ്വം വിളിക്കുന്നതിന്റെ പൊരുളതാണ്. പ്രാർത്ഥനകളിൽ നാം ഇടയ്ക്കിടെ ആവർത്തിക്കുന്നതുപോലെ, അമ്മേ മാതാവേ, നിന്റെ നീല കാപ്പയ്ക്കുള്ളിൽ എന്നെയും എന്റെ കുടുംബത്തേയും പൊതിഞ്ഞു സൂക്ഷിക്കണേ ■

## 20-08-2017 Parish Concil നിശ്ചയങ്ങൾ

1. സെപ്റ്റംബർ 3-ാം തീയതി നടക്കുന്ന മണ്ഡ്യ രൂപത **Angel's Meet** പരിപാടിയിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു.
2. സെപ്റ്റംബർ 9-ാം തീയതി കൃപാലയ വാർഷികം ഭംഗിയായി നടത്തുന്നതിന് നിശ്ചയിച്ചു.
3. സൺഡേ സ്കൂൾ വാർഷിക ധ്യാനം 3 ബാച്ചുകളിലായി സെപ്റ്റംബർ 29, 30, ഒക്ടോബർ 1 എന്നീ തീയതികളിൽ നടത്തുന്നു. മാതാപിതാക്കളുടെ പൂർണ്ണ സഹകരണം ഉണ്ടാവണം.
4. എല്ലാ കുടുംബങ്ങളും ദീപിക ദിനപത്രത്തിന്റെ വരിക്കാരാകണമെന്ന് അറിയിച്ചു.
5. യുവജനങ്ങൾ വാർഡ് മീറ്റിംഗിലും പ്രാർത്ഥന കൂട്ടായ്മയിലും നിർബന്ധമായും പങ്കെടുക്കണം
6. ശുദ്ധ ജല പ്രതിസന്ധി രൂക്ഷമായി വരുന്നതിനാൽ ഒരു കുഴൽ കിണർകൂടി കുഴിക്കുന്നതിന് തീരുമാനിച്ചു.
7. ഇടവകയുടെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും കുറഞ്ഞതു മൂന്നു ക്വട്ടേഷനുകൾ വാങ്ങുന്നതിനായി പ്രസ്തുത നിർമ്മാണ പ്രവർത്തന വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്





**By Shibu Joseph**
Senior Editor,
The Economic Times

# We treat Krupalaya inmates as treasures from God

***Krupalaya, the home for the destitute, is one of the unique and successful experiments of St Thomas Forane Church, Bengaluru. Not only that this experience has no parallel in the history of parish churches in India, it's also a symbol of the spiritual richness of the parishioners and their shepherds. This is a place where several destitute have experienced peace, love and care over the years. Supported by the generous help of parishioners and several well-wishers through cash and kind, this unique service is entering its 14th year with 16 inmates (10 men and 6 women). The centre has been under the care of three Kerala-based FDSHJ sisters (Fervent Daughters of the Sacred Heart of Jesus) since May 2016, namely Sr Ann (Superior), Sr Roselett and Sr Ancil. Even as the centre was preparing for 'Krupalaya Day' on 9 September, Sisters Ann and Ancil found time to share their experiences with Santhome Messenger. Excerpts from the interaction:***

**Q. It's a little over a year since FDSHJ sisters took charge of Krupalaya. Can you share some of your experiences?**

**Sr Ann:** Although our Congregation renders similar services in various places, I have never served in an old age home. Therefore, I had a lot of apprehensions when I came to take charge of Krupalaya. I asked Jesus, "Jesus, how will I handle this, I have never done this in my life." But within just a week, all my fears had vanished and I was able to look at this service in a new light and soon I just loved my work despite my health issues. This service gives me a lot of mental satisfaction because I said to

myself, these are people who do not have anyone to care for them, so let me take that role. That attitude changed me completely.

**Q: How about you Sr Ancil, have you worked in similar situations?**

**Sr Ancil:** Yes, I worked for an organisation under Muvattupuzha diocese. That was not exactly an old age home, but a place where we had destitute with mental disorders. That experience helped me serve Krupalaya inmates better. I have involved myself in making our inmates become active by taking them out for walks, playing and singing with them... I thank the Lord for giving me the opportunity to serve these uncles and aunties who have no one to care for them.

**Q: For many of us, service to the poor is limited to donating money to some institutes. Few of us have the patience to look after even our own aged parents. But you are able to spend 24 hours with these persons who are of different temperaments, sometimes demanding, sometimes angry. How are you able to do it and still maintain your smile?**

**Sr Ann:** What has Jesus taught us? Hasn't he told us, when you do it to the least of my brothers, you do it to me? We are actually taking care of Jesus. When you have that singular goal, service becomes meaningful and easy. St John says, if you cannot love the brother who is seen, how can you say you love God who is unseen? These people are the treasures the Lord has entrusted us. When you look at this service with that attitude, you will be able to perform this service with love.

**Q. But sister, whatever noble your intention maybe, don't you get fed up sometimes because they may not follow your instructions always as many of them are mentally unstable?**

**Sr Ann:** Of course not. Because we have accepted them as they are. We know that their understanding is limited. Sometimes, they fight. But instead of scolding them, we intervene with love.

**Q. What's your thought Sr Ancil?**

**Sr Ancil:** My past experience has helped me deal this. If we react to them in the same style when they are angry, things will only get worse. Instead if we can stay composed and show love, we can win them over easily. I would like to share an experience of mine in my previous area of service. There was this 30-year-old young man who had lost his parents at a young age. He was sent to our home in Trissur. We made him the leader of the team to make him feel good as he used to be a neglected child. But one day he and another inmate got into an argument and he became very angry and he found a chopper and rushed to attack the other person. Sisters were terrified as they feared he would attack anyone who came in his way. It was a tense situation. I told the sisters, "I will go and take the chopper from his hand." Even though sisters forbade me from approaching him, I went ahead, and seeing me approach him, he came rushing towards me with the chopper to attack me. That's when I called out to him, "Moneeee (son), give me the chopper." As soon as he heard me call him 'mone', he stopped in his tracks and as I came close to him, he placed the chopper on my palm and started crying. Apparently, he had never been called like that in his life. So, when we approach anyone with love, you can easily win them over.

**Q. Krupalaya is a unique experiment in a parish. I have seen many old age homes run by religious institutes. I think St Thomas parish is the only parish where an old age home is under the care of parishioners. Do you receive enough support from parishioners?**

**Sr Ann:** Absolutely. This is the only parish that has an old age home of its own. I am really proud of our parishioners and the parish priests. The former parish priest Fr Thomas Kallukalam had Krupalaya close to his heart. He and his assistants Fr Justin and Fr Benny regularly visited Krupalaya to spend time with the inmates and provide us support. Our new parish priest Fr Cyriac Madathil too gives us exemplary support.

I am overwhelmed by the support of our parishioners. Many parishioners come to Krupalaya and help us in cleaning the toilets and other areas, shave our men and take them to hospitals when needed. Those who do not have time to render such services, share a portion of their monthly income. Remember, they don't give it out of their abundance. Not many of them are rich and most of them live in rented quarters.

Yet, they have Krupalaya as their priority. It gives us immense relief to know that there are people who will rush to our help when we call them. I have no qualms in saying that such cooperation you can't expect if this were to be in Kerala.

**Q. What's your view Sr Ancil?**

**Sr Ancil:** I agree with Sr Ann. When I came here I saw the youth of this parish very active. Despite their busy activities, many of them find time to visit Krupalaya and look after the inmates. I was excited to see some of them happily cleaning the toilets used by the inmates.

**Sr Ann:** Rarely have I seen a youth brigade as fervent as the one we have in our parish. When they see somebody lying on the road unattended, they come to us and ask us if they could bring them over. Such concern is rare among the youth today. Even when our seats are full, they persist and plead and then I call the Kind Heart team members who will ensure that all the cases are attended to.

**Q. Taking care of inmates is a full-time job. But then how do you balance prayer and action?**

**Sr Ann:** We have allotted time for prayers. We wake up at 4.30 and come to the chapel and say our special morning prayers before the mass. We would be back by the time inmates wake up. Similarly, when they rest after lunch, we find time for common prayer. But then what is prayer Shibu? When we attend to their needs we speak to God and say, 'Lord, this is for you, for your own children' and offer the service to God. Isn't that greater prayer? That way our life is a constant prayer.

**Q. No doubt on that sister. Now, tell me, what improvements do you suggest for Krupalaya?**

**Sr Ann:** If we had a little land around us, we could have involved our healthy inmates in planting flower and vegetable plants, etc. They would have been happy to do it. Now since the space is limited, they are all confined to the house. But I am aware of the limitations here and so we make the best of the situation here.

***When you see old age homes filled with inmates, the first thought that strikes you is this: where are the children and relatives of these uncles and aunties who should have been taking care of them? Instead, when you see some angels of God performing that role to perfection deriving happiness by attending to the inmates' diverse needs, it's a reminder to all of us that the popular route of chasing targets and keeping up with the Joneses takes us nowhere. Sisters Ann, Roselett and Ancil chose the road less travelled by, and that has made all the difference for them and for the people they attend to. And for me, meeting and interviewing these fervent disciples of Jesus was indeed a fulfilling moment unlike the many interviews I have conducted. May the good Lord they serve bless them and Krupalaya abundantly***

**സാന്തോം മെസഞ്ചർ ഒരുക്കുന്ന**

ലേഖനമത്സരവും കവർപേജ് ഡിസൈൻ മത്സരവും

**വിഷയം: 'ജപമാല ഭക്തി''**

(രണ്ട് A4 പേജിൽ കവിയരുത്)

കവർ പേജ് മത്സരം: മൾട്ടികളർ, 24 cm (height) x 18 cm (width)

നിങ്ങളുടെ സൃഷ്ടികൾ 2017 സെപ്റ്റംബർ 24 ന് മുമ്പ് പാരീഷ് ഓഫീൽ എത്തിക്കുക.

*തിരഞ്ഞെടുക്കപ്പെടുന്ന ലേഖനങ്ങൾ അടുത്ത സാന്തോം മെസഞ്ചർ എഡിഷനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. കൂടാതെ വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും!!!*




# "സ്വാതന്ത്ര്യവും മാതാവിന്റെ സ്വർഗ്ഗാരോപണവും"

ആലീസ് തോമസ്



പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളും ഭാരതസ്വാതന്ത്ര്യദിനവും ഒന്നിച്ച്, ഒരു ഉണർത്തുപാട്ടെന്നപോലെ ആഗസ്റ്റ് 15 ന് നാം ആഘോഷിച്ചു. . ഭൂഗർഭ ഗവേഷകരുടെ ഏറ്റവും പുതിയ കണ്ടെത്തലുകളുടെ വിലയിരുത്തലനുസരിച്ചു ആയിരം കൊല്ലക്കാലത്തെ സാംസ്കാരിക പൈതൃകത്തിന്റെ ഉടമസ്ഥതയും പാരമ്പര്യവും അവകാശപ്പെടാവുന്ന ഒരു രാഷ്ട്രമാണ് ഭാരതം. ആ ഭാരതത്തിന്റെ 70-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുവാൻ ഭാഗ്യം ലഭിച്ചിട്ടുള്ള ഇന്നത്തെ തലമുറ അതിനാൽ തന്നെ അനുഗ്രഹിക്കപ്പെട്ടവരുമാണ്. ഭാരതസ്വാതന്ത്ര്യദിനത്തിൽ തന്നെയാണ് ആഗോള കത്തോലിക്കാ സഭ അമ്മയായ പരി. കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷിച്ചു വരുന്നത്.

എത്രയോ ദേശസ്നേഹികളായ രക്തസാക്ഷികളാണ് നമ്മുടെ സ്വാതന്ത്ര്യ ദിന സമ്പാദനത്തിന്റെ ചരിത്രത്താളുകളിൽ ജീവൻ ബലികൊടുത്തിട്ടുള്ളതായി കാണുന്നത്. അവരുടെ വീരസ്മരണകൾ പുതുക്കുന്നതൊടൊപ്പം അവർ നയിച്ച ത്യാഗോജ്ജ്വല ജീവിതത്തിന്റെ വഴിത്താരകളിലൂടെ ആദർശത്തിന്റെ ആൾ രൂപങ്ങളായി മാറുവാൻ ഭാരത്തിലെ ഓരോ പൗരനും കടമയുണ്ട്. അതിനായുള്ള പ്രതിജ്ഞയെടുക്കുവാൻ സ്വാതന്ത്ര്യസുദിനം ഉപയോഗപ്പെടുത്താം.

ഭാരതസ്വാതന്ത്ര്യദിനത്തിൽ തന്നെയാണ് കത്തോലിക്കാ സഭ അമ്മയായ പരി. കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷിച്ചു വരുന്നത്. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജിവന്റെ അപ്പമായ യേശുവിനെ, ഉദരത്തിൽ വഹിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട കന്യകാമറിയം, സ്വർഗ്ഗത്തിലേയ്ക്ക് ആത്മശരീരങ്ങളോടെ തന്നെ സംവഹിക്കപ്പെട്ടുവെന്നുള്ള സത്യം, സഭ ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കും മുമ്പു തന്നെ വിശ്വാസസമൂഹം അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

ആർദ്രതയും അനുകമ്പയും ചോർന്നുപോയ ഒരു മാനവികതയുടെ ഉടമസ്ഥരായി ആധുനിക തലമുറ രംഗപ്രവേശനം ചെയ്തിരിക്കുന്ന ഇന്നിന്റെ കാലഘട്ടത്തിൽ അമ്മയിൽ നിന്ന് ധാരാളം പഠിക്കാനുണ്ട്, ഉൾക്കൊള്ളാനുമുണ്ട്. മനുഷ്യരക്ഷയുടെ ഏറ്റവും മനോഹരമായ ചിത്രമാണ് സ്വർഗ്ഗാരോപണത്തിലൂടെ അമ്മ നമുക്കു വെളിപ്പെടുത്തിത്തരുന്നത്. മനുഷ്യൻ സ്വാർത്ഥതയും ആർത്തിയും, ആസക്തികളും വലിച്ചെറിഞ്ഞ് ആത്മശരീരങ്ങളുടെ വിശുദ്ധീകരണവും മഹത്വീകരണവും ലക്ഷ്യമാക്കി ജീവിതത്തിന് ഒരു പുതിയ ദിശാബോധം നൽകുവാൻ തയ്യാറാക്കേണ്ടതുണ്ട്. മറിയം തിരഞ്ഞെടുത്തത് തന്റെ പുത്രന്റെ വഴിയാണ്. സഹനത്തിന്റെയും പീഡനങ്ങളുടെയും വഴി കുരിശിലേറിയവന്റെ ശൂന്യവൽക്കരണത്തിന്റേതായിരുന്ന ആ വഴി സ്വപുത്രൻ കുരിശിൽ കിടന്നു പിടഞ്ഞു മരിക്കുമ്പോൾ അമ്മയ്ക്ക് കുരിശിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ കഴിയില്ല. അമ്മയും മകനോടൊപ്പം കുരിശിൽ ഉണ്ടായിരുന്നു.

സ്വർഗ്ഗാരോപണത്തിരുന്നാൾ ദിനത്തിൽ ക്രൈസ്തവന്റെ ചിന്തകൾ ഉയിർത്തെഴുന്നേൽക്കേണ്ടത്, രക്ഷകന്റെ അമ്മ നിത്യരക്ഷ പ്രാപിക്കുവാൻ നമ്മെ സഹായിക്കുന്നതോർത്തിട്ടാണ്. നന്മയെ ഉൾക്കൊള്ളാനും തിന്മയെ പുറം തള്ളാനുമുള്ള വിശുദ്ധിയും, വിവേകവും, വിശ്വാസവും നൽകണമേയെന്ന് സഹരക്ഷകയായ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിൽ നമുക്കു മാദ്ധ്യസ്ഥം അപേക്ഷിക്കാം

# പരിശുദ്ധ അമ്മ സ്വർല്ലോകരാജ്ഞി



ജെ.എസ്. ക്രിസ്റ്റീന

ഇന്ത്യയുടെ സ്വാതന്ത്ര്യ പോരാട്ടത്തെക്കുറിച്ച് പറയുവാനും, എഴുതുവാനും അഭിമാനമാണ്. പക്ഷെ ചരിത്ര പുസ്തകത്തിൽ രേഖപ്പെടുത്താതെ പോയ എത്രയോ സ്വാതന്ത്ര്യ സമര സേനാനികൾ ഉണ്ട്. അവരെയെല്ലാം മറന്ന് ഒരു സ്വാതന്ത്ര്യ ദിനാഘോഷത്തെപ്പറ്റി ചിന്തിക്കാൻ സാധിക്കില്ല. ബ്രിട്ടീഷ് പട്ടാളത്തിന്റെ ബൂട്ട്സിനടിയിൽ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ഓരോ ഇന്ത്യക്കാരന്റെയും രക്തം പടർന്നിട്ടുണ്ട്. ജാൻസിറാണിയും, സരോജനി നായിഡുവും, അക്കമ്മ ചെറിയാനും തുടങ്ങി പല സ്ത്രീജനങ്ങളും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ ധീരവനിതകളാണ്.

വിശുദ്ധ ബൈബിൾ വായിക്കുമ്പോൾ, ധ്യാനിക്കുമ്പോൾ നമുക്കു വ്യക്തമായി ഗ്രഹിക്കാൻ സാധിക്കും. നമ്മുടെ ആദിമാതാപിതാക്കന്മാർ ദൈവത്തിന്റെ കൽപ്പന പിശാചിന്റെ ക്രൂരമായ ചതിയിൽ പെട്ട് ലംഘിച്ചതിന്റെ ഫലമായി പിശാചിന്റെ അടിമയായി. തൽഫലമായി മനുഷ്യന് പറുദീസ നഷ്ടമായി. പറുദീസയിൽ നിന്ന് പുറത്തായ മാനവകുലത്തെക്കണ്ട് പിതാവായ ദൈവത്തിന്റെ ഹൃദയം ആർദ്രമായി. ''കഴിഞ്ഞ കാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ, പരിഗണിക്കുകയോ വേണ്ട. ഇതാ ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു. അതുമുളയെടുക്കുന്നത് നിങ്ങൾ അറിയുന്നില്ലേ? (ഏശ. 43:18-19).

മാനവരാശിയുടെ പാപമോചനത്തിനായി സ്വപുത്രനെ ലോകത്തിലേയ്ക്കയക്കാൻ ദൈവം തെരഞ്ഞെടുത്തത് പരിശുദ്ധ കന്യക മറിയത്തെയാണ്. ദീർഘകാലം മക്കളില്ലാതെ പ്രാർത്ഥനയിൽ കഴിഞ്ഞിരുന്ന അന്ന യോവോക്കീം ദമ്പതികളിലൂടെയാണ് രക്ഷകന്റെ അമ്മയെ ദൈവം മാനവ കുലത്തിനു നൽകിയത്. ''അതിനാൽ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും'' (ഏശയ്യ. 7:14). പിശാച് ഒരുക്കുന്ന കെണിയിൽ വീണ്ടും വീണ് മനുഷ്യൻ പാപം ചെയ്യരുത് പിശാചിന് അടിമയായിത്തീരുമ്പോൾ നമുക്കുവേണ്ടി മാതാവ് പിശാചിനെതിരെ പോരാടുന്നു. ''നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും'' (ഉൽ. 3:15).

ഈശോ പരസ്യജീവിതം നയിക്കുമ്പോൾ വിശുദ്ധ ബൈബിളിൽ നാം അറിയുന്നുണ്ട് ശിഷ്യന്മാർക്കൊപ്പം മാതാവും കൂടെയുണ്ടായിരുന്നുവെന്ന്. ''മൂന്നാം ദിവസം കാനായിൽ ഒരു വിരുന്നു നടന്നു. യേശുവിന്റെ അമ്മയും അവിടെ ഉണ്ടായിരുന്നു'' (യോഹ. 2:1-12).

മനുഷ്യകുലത്തെ രക്ഷിക്കാൻ രക്ഷകനായ യേശുക്രിസ്തുവിനു മാത്രമാണ് സാധിക്കുന്നത്. എന്നാൽ ദൈവത്തിന്റെ സമയം ആയില്ലെങ്കിൽപ്പോലും മാതാവിന്റെ അപേക്ഷയ്ക്കു മുന്നിൽ കർത്താവ് സമയമോ, കാലമോ നോക്കാതെ കരുണ കാണിക്കുമെന്ന് കാനായിലെ വിവാഹ വിരുന്ന് നമ്മെ ഉൽബോധിപ്പിക്കുന്നു.

ജപമാല ചൊല്ലുമ്പോൾ കർത്താവിനോട് തന്നെയാണ് പ്രാർത്ഥിക്കുന്നത്. രക്ഷകന്റെ ദിവ്യ രഹസ്യങ്ങൾ തന്നെയാണ് ജപമാലയിലൂടെ പ്രാർത്ഥിക്കുന്നതും, ധ്യാനിക്കുന്നതും. പരിശുദ്ധ കന്യകാമറിയം നമ്മുടെ യേശുക്രിസ്തുവിന്റെ അമ്മയാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല, അത് സത്യമായ വസ്തുതയാണ്. ''ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും നീ അവന് യേശു എന്നു പേരിടണം''. മാതാവിനെ അംഗീകരിക്കാത്ത സഭക്കാർക്കുപോലും സംശയമില്ല യേശു ക്രിസ്തുവിന്റെ അമ്മ മറിയമാണെന്നുള്ളത്. യേശുക്രിസ്തുവിന്റെ അമ്മയാണ് പരിശുദ്ധ മറിയമെന്നുള്ളകാര്യം സത്യമാണ്. ''നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വന്തന്ത്ര്യമാക്കുകയും ചെയ്യും'' (യോഹ. 8:32).

മാതാവിന്റെ സ്വർഗ്ഗാരോപണം ഓരോ മനുഷ്യരുടെയും പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്. മാനവരാശിക്ക് നഷ്ടമായ പറുദീസയിലേയ്ക്കു പോകാനുള്ള മാർഗ്ഗമാവട്ടെ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ. നമ്മുടെ സ്വർഗ്ഗപ്രവേശത്തിനായി മാതാവ് നമുക്കുവേണ്ടി കർത്താവിനോടു പ്രാർത്ഥിച്ച് നമ്മെ അനുഗ്രഹിക്കട്ടെ. ■

# Catechism Corner

*"I can do all things through him who strengthens me" (Phil. 4:13)*





This is the tagline of the Catechism Retreat this year titled **"4 THIRTEENS".** We see an increasing trend in our kids relying more on external factors like friends and social media, etc. to face the challenges they encounter rather than depending heavily on Jesus. The thought that is driving us in this year's retreat is to help our kids, especially the teenagers sink in depth into this promise of Jesus as said in Phil. 4:13. So, let's block our calendars from Sept 29th - Oct 1st to strengthen ourselves with this wonderful experience.

The PTA Council members continue to render commendable service by having a watchful eye on the kids by receiving them in the morning and also ensuring safe transition of kids from the classes to the Church. Their efforts have been fruitful with a steep decline in the number of late comers to Catechism. In every Catechism assembly, a short narrative on the life of a Saint is delivered by a student. This is enriching and has helped the students to know more about Saints. Our Catechism Director also plays an important role by ensuring his presence in the assembly and shares with the students about the feasts. Feast of St. Alphonsa was celebrated by the students by performing a small skit on St. Alphonsa. We did have the families of three Catechism staff participate in the Family Bible Quiz held at Holy Family Forane Church, Hongasandra. Thank you dear teachers.

The class wise PTA meeting has been a forum to have an interaction with the Catechism management. We have received positive response from the parents who have also been supportive in the faith formation of the children. The class wise PTA for 3rd, 4th, 11th, and 12th standards have been completed.

The LCA team, led by Mrs. Maryamma Baby and the Brothers, are in full swing in preparation and co-ordination for the mega event Bible Kaloltsavam. The LCA team selected the coordinators for the individual events. Most of the teams have started their practice and rest would begin soon. The parents have been very involved and have extended their support for these events. There was a small meeting led by the Catechism director Fr. Benny with the parents and the coordinators.

**"4 Thirteens",** wondering what that name is, yes, is the much-awaited retreat for our Catechism students. With Wats app, Facebook, Twitter and other social media, chat-rooms and online games, some fatally dangerous (as we are getting to know from the news making rounds these days) are taking more and more control of our kids and youngsters live in ways beyond our imagination, it calls for us to pause and think on what is good and what is right when and decide what needs to be picked for us. We need to get it to our kids on whom their ultimate reliance should be and that there is nothing more providing and safe than to be in a personal relationship with the Christ and his Church. Philippians 4:13 holds the key. In preparation for the retreat the PTA general body meeting was held on 27th of August. It is highly

motivating that many parents have pledged their support in whatever ways they can towards the success of this retreat. Preliminary committees have been formed for the retreat and many parents have come forward to help and be a part of it.

The English choir auditions were conducted. The Catechism staff meeting happens once in a month, and is an occasion where all the staff gets to meet and greet other teachers. The interaction has helped in being part of this wonderful family. Birthday celebrations for that month is celebrated.

Angels meet, the gathering for all the children who have received Holy Communion conducted by the Diocese of Mandya, was presided by His Excellency Mar. Antony Kariyil. The event was held at Christ School. St. Thomas Forane Sunday School hosted this event under the able leadership of our dear Vicar who is also the Secretary of the Diocesan Commission for Bible and Catechetics.

The Catechism staff and the PTA council played an important role in the success of the event.

We are happy to inform you that from this month onwards Holy Mass for Catechism students will be celebrated in Malayam on the last Sunday of Every Month.

### Upcoming Activities To Remember

| | |
|---|---|
| 1) 10-Sep-2017 | : Unit Test for all classes. |
| 2) 17-Sep-2017 | : Students Bible Quiz (St. Joseph's Church, Babusahibpalaya) |
| 3) 29th Sep to 1st Oct | : Retreat (4 Thirteens) |
| 4) 15-Oct-2017 | : Mission Sunday |

Look forward to the remaining class wise PTA meetings.

God Bless you all.

**Leejoe Thomas & Mathew Joy**





# സെന്റ് ക്രിസ്റ്റഫർ അസോസിയേഷൻ



**ജോൺസൺ അച്ചാണ്ടി**

ഒരിക്കൽ റിപ്രൊബസ് ലോകത്തിലെ ഏറ്റവും പ്രതാപവാനായ രാജാവിനെ സേവിക്കാൻ തീരുമാനിച്ച് യാത്ര തുടർന്നു. യാത്രക്കിടയിൽ ഒരു നഗരത്തിലെത്തിയപ്പോൾ അവിടുത്തെ ജനങ്ങൾ അവരുടെ രാജാവിനെ വർണ്ണിക്കുന്നതു കേൾക്കാനിടയായ അദ്ദേഹം ആ രാജാവിന്റെ തന്നെ സേവനം ആരംഭിച്ചു.

ഒത്തിരി ആഴമുള്ളതും വീതിയുള്ളതും അപകടകാരിയുമായ പുഴ മുറിച്ചു കടക്കുവാൻ ആ നാട്ടിലെ ജനങ്ങളെ സഹായിക്കുക എന്ന ജോലിയാണ് അദ്ദേഹത്തിന് ലഭിച്ചത്. ഏറ്റവും പുലർച്ചെ തുടങ്ങി ഏറെ രാത്രിവരെ നീളുന്ന ആ ജോലി നല്ല ഉയരമുള്ളവനും ശക്തനുമായ അദ്ദേഹം ഏറ്റെടുത്തു.

ഒരു ദിവസം ജോലി കഴിഞ്ഞ് അവശനായ അദ്ദേഹം പുഴക്കരയിലുള്ള തന്റെ കുടിലിൽ ക്ഷീണിച്ചുറങ്ങുമ്പോൾ ഒരു കൊച്ചു കുട്ടിയുടെ കരച്ചിൽ കേട്ടുണർന്നു. കുടിലിൽ നിന്ന് പുറത്തു കടന്ന് പുഴയരികിലേയ്ക്കു നടന്ന അദ്ദേഹം ഒരു കൊച്ചു മിടുക്കൻ പുഴയരികിൽ നിന്ന് കരയുന്നതു കണ്ട് അവനോടു ചോദിച്ചു "നീ എന്തിനാണിങ്ങനെ കരയുന്നത്".

"ഈ ഇരുട്ടിൽ ഇത്ര ആഴമുള്ള പുഴ നീന്തി എങ്ങനെ ഞാൻ അക്കരെയെത്തും, എനിക്കു പേടിയാകുന്നു." തേങ്ങി കരഞ്ഞുകൊണ്ട് ആ കുട്ടി മറുപടി നൽകി.

അതു കേട്ട് പുഞ്ചിരിച്ച് റിപ്രൊബസ് അവനോടു പറഞ്ഞു. "പേടിക്കേണ്ട, എന്റെ തോളിൽ കയറിക്കോ. നിന്നെ ഞാൻ അക്കരെയെത്തിക്കാം."

അതുകേട്ടതും കുണുങ്ങി ചിരിച്ചു കുട്ടി അദ്ദേഹത്തിന്റെ തോളിൽ കയറി കഴുത്തിൽ ഇറുക്കി പിടിച്ചിരുന്നു. അവർ യാത്ര തുടർന്നു. പുഴയുടെ പകുതിയായപ്പോഴേയ്ക്കും മുമ്പെങ്ങും കാണാത്തതുപോലെ ജല നിരപ്പ് ഉയർന്നു വരുന്നു. ഒപ്പം കുട്ടിയുടെ ഭാരവും വർദ്ധിക്കുന്നു.

ഒത്തിരി കഷ്ടപ്പെട്ട റിപ്രൊബസ് ഒരു കണക്കിന് അക്കരെയെത്തി കുട്ടിയെ താഴെ നിറുത്തിയിട്ട് പറഞ്ഞു ഈ ലോകം മുഴുവൻ എന്റെ തോളിൽ ഇരിക്കുന്നതുപോലെയുള്ള അത്രയും ഭാരം നിന്നെ ചുമന്നപ്പോൾ എനിക്കനുഭവപ്പെട്ടു.

ഇതു കേട്ട് ചിരിച്ച കുട്ടി പറഞ്ഞു "നിനക്കറിയില്ലേ റിപ്രൊബസ് നീ വഹിച്ചത് ഈ ലോകത്തേയല്ല മറിച്ച് ഇതിന്റെ സൃഷ്ടാവിന്റെ പുത്രനായ ഈശോയെയാണ്. ഇപ്പോൾ മുതൽ നീ Christopher അതായത് Christ - bearer എന്നു വിളിക്കപ്പെടും.

ആ വിശുദ്ധന്റെ നാമധേയത്തിൽ നമ്മുടെ സെന്റ് തോമസ് ഫൊറൈൻ ചർച്ചിൽ 2003 നവംബർ 9 ന് ഞായറാഴ്ച രാവിലെ 8.30 ന് ബഹു. ജോൺ മാരിയൂസ് (അന്നത്തെ വികാരി) അച്ചന്റെ സാന്നിദ്ധ്യത്തിൽ ബഹു. വർഗ്ഗീസ് കേളംപറമ്പിൽ അച്ചൻ ഭദ്രദീപം കൊളുത്തി ഉൽഘാടനം ചെയ്ത അഞ്ചംഗ സംഘടനയാണ് ഇന്നത്തെ "ക്രിസ്റ്റോഫർ അസോസിയേഷൻ" എന്ന സംഘടന. സംഘടനയുടെ ഉദ്ഘാടന ചടങ്ങിൽ അന്നത്തെ കൊച്ചച്ചന്റേയും, ട്രസ്റ്റിമാരുടെയും ബ്ര. വർഗ്ഗീസ് വരമ്പുങ്കലിന്റെയും, പിന്നെ അന്നത്തെ സംഘടനാ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട മിസ്റ്റർ പ്രകാശ് തോമസ് (പ്രസിഡണ്ട്) മിസ്റ്റർ ജെയ്സൺ കെ.ജെ (സെക്രട്ടറി) മിസ്റ്റർ. ഡേവീസ് കെ.കെ (ട്രഷറർ) എന്നിവരുടെയും സാന്നിദ്ധ്യവും തുടർന്നുള്ള സഹകരണവും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. ഏകദേശം 32 കുടുംബങ്ങളടങ്ങുന്ന 130 അംഗത്വമുള്ള ഈ സംഘടന വളരുന്നതോടൊപ്പം നമ്മുടെ പള്ളിയുടെ വളർച്ചയ്ക്കു വിലമതിക്കാനാകാത്ത പങ്ക് വഹിക്കുന്നു.

പ്രധാനമായും. മെഡിക്കൽ ക്യാമ്പ് നടത്തി, നിർധനരായ രോഗികൾക്ക് ധനസഹായം, വാഹന സഹായം, മറ്റ് മാനുഷിക സഹായങ്ങൾ തുടങ്ങിയവ....

പാരീഷ് ഹാളിന്റെ നിർമ്മാണത്തിന് ഡോണർ സംഘടനയായി. കൂടാതെ മദ്ബഹ പണിയുന്നതിന്, വിദ്യാഭ്യാസ ഫണ്ടിന് എല്ലാം ധന സഹായവും നൽകി വരുന്നു. ക്രിസ്തുമസിന് കേക്ക് സ്റ്റാൾ

ദു:ഖവെള്ളിയാഴ്ച ടാബ്ലോ, പ്രവാസി മലയാളികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം തുടങ്ങിയവയും സംഘടനയുടെ പ്രധാന പ്രവർത്തനങ്ങളിൽ പെടുന്നു.

മുൻ കാലങ്ങളിൽ ഭക്തജനങ്ങളെ തീർത്ഥാടനത്തിന് കൊണ്ടു പോകാനും, ജോലി തേടി വരുന്നവർക്ക് ജോലി വാങ്ങികൊടുക്കാനും സാധിച്ചത് ഞങ്ങൾ അഭിമാനപൂർവ്വം ഓർക്കുന്നു.

ക്രിസ്റ്റഫർ പുണ്യാളന്റെ തിരുന്നാൾ കുടുംബസമേധം വി. കുർബ്ബാന, കാഴ്ചസമർപ്പണം, നേർച്ച വിതരണം എന്നിവയോടെ ആഘോഷിക്കുന്നു. കാഴ്ച സമർപ്പണ വസ്തുക്കൾ കൃപാലയ്ക്കുവേണ്ടി ഉപയോഗിക്കുന്നു.

യാത്രക്കാരുടെ മദ്ധ്യസ്ഥനായ വി. ക്രിസ്റ്റഫറിന്റെ മദ്ധ്യസ്ഥതയിൽ അപകട രഹിതമായ യാത്രയ്ക്കു വേണ്ടി എല്ലാവർഷവും നടത്തിവരാറുള്ള വാഹന വെഞ്ചിരിപ്പ് ഈ വർഷം സെപ്റ്റംബർ 24 - ന് ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അന്നേ ദിവസത്തെ എല്ലാ വിശുദ്ധ ബലിക്കു ശേഷവും ആ വിശുദ്ധന്റെ അനുഗ്രഹം യാചിച്ച് വാഹനം വെഞ്ചിരിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കും. അതിനായി എല്ലാവരേയും ഞങ്ങളുടെ സംഘടന സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

എന്ന്
**ജോൺസൺ അച്ചാണ്ടി**
സെക്രട്ടറി
സെന്റ് തോമസ് ക്രിസ്റ്റോഫർ അസോഷിയേഷൻ.

# KIDZEE ST. THOMAS CHURCH

## Our latest NEWS!!!





How time flies!! We have already finished a quarter of the new academic year. August was packed with activities – Independence Day, Feast of the Assumption, Purple Day, Friendship day….!Independence day was celebrated with tricolour activities and a 'patriotic' themed costume day. I'm sure the little ones will recognize our flag whenever they see one in future!! September is a festive month at school. Onam and Teachers' Day were celebrated on 5th September at the school. Have a look at the upcoming events:

Nativity of Mother Mary - 8th September
Cooking Activity -13th September
Orange Day -20th September
Dairy Snack Day -21st September
Field Trip to a Supermarket

The mid-term vacations are from 27th September to 8th October. The school reopens on 9th October.

**MID-TERM admissions for NURSERY and PLAYGROUP are open for the Mid-term session from October '17 to March 2018.** Kindly contact the school office for more details.

Wishing you a blessed September!!

Contact:
Sweetha Mary Rejy
Center Coordinator, Phone - 9742863560

# ST. THOMAS YOUTH

**GENERAL BODY MEETING.**

The first general body meeting was conducted on August 6th, 2017. This one being the first of its kind, with the St. Thomas Youth and Santhome Professional Forum coming together to conduct the session together, which will be continued here onwards on the first Sunday of every month.

The interactive session was based on the topic: CONCERNS RELATED TO MARRIAGE IN THE CATHOLIC CHURCH which was led by Fr. (Dr) Sebastian Payyappilly CMI (Family court judge of Syro-Malabar Mandya Diocese). The session mainly dealt with the general queries that arise regarding matrimony and the Catholic church and the Church's stand towards certain topics relating to matrimony.

**FLASH MOB AND STREET PLAY**

On August 20th, we the St. Thomas Youth put up a flash mob and street play showcasing our God given talents for God's works, standing up for profile and making our stand known.



Pookalam by St. Thomas Youth





# Carmel Buds

കുട്ടികളിൽ ജപമാല ഭക്തിയും മാതൃഭക്തിയും വളർത്തുന്നതിനും, കുട്ടികളെ മാതാവിലൂടെ ഈശോയിലേയ്ക്കു അടുപ്പിക്കുന്നതു വഴി അവരെ വിശുദ്ധിയിലേയ്ക്കും അതുവഴി കുടുംബ വിശുദ്ധീകരണവും ലക്ഷ്യമിട്ട് മണ്ഡ്യരൂപത സമാരംഭിച്ച കുട്ടികളുടെ വർഷം എന്ന വലിയ ചുവടുവെപ്പിന്റെ ഭാഗമായി സെന്റ് സേവ്യേഴ്സ് വാർഡിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി ''കാർമൽ ബഡ്സ്''എന്നപേരിൽ കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ (ജൂലൈ 16 - 2017) കർമ്മലീത്താ മഠത്തിൽ (ജ്ഞാനോദയ കോൺവെന്റിൽ) സമാരംഭം കുറിച്ചു. ജ്ഞാനോദയ മദർ  സി. റെജി. സി.എം.സി ഉൽഘാടനം നിർവ്വഹിച്ച പ്രസ്തുത സമ്മേളനത്തിൽ ബഹുമാനപ്പെട്ട വൈദീകരായ ഫാ. ജെയിംസ് കൂന്തറ സി.എം.ഐ, ഫാ. ലിജോ ആദിയെന്തൻ സി.എം.ഐ, പ്രസിഡണ്ട്,  ബിജു ജോർജ്ജ് തുടങ്ങിയവരുടെ സന്ദേശങ്ങളും സാന്നിദ്ധ്യവും കുട്ടികൾക്കു പ്രചോദനമേകി. ആക്ഷൻ സോങ്ങും ക്വിസും, പാട്ടുകളും ആഘോഷമായ ജപമാലയും കുട്ടികളിൽ വിശ്വാസത്തിന്റെ ദീപങ്ങൾ തെളിയിക്കാൻ പ്രേരകങ്ങളായി.  കാർമൽ ബഡ്സ് എന്ന മഹത്തായ സംരംഭത്തിനു ഊടും ഭാവവും നൽകിയ ബഹുമാനപ്പെട്ട സെജു ബ്രദറിനും, മറ്റു ബ്രദേഴ്സിനും, സിസ്റ്റേഴ്സ്, വാർഡ് കൗൺസിലേഴ്സിനും നന്ദിയർപ്പിക്കുന്നു. എന്നും പ്രോൽസാഹനവും നിർദ്ദേശങ്ങളുമായി കൂടെയുള്ള ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചന്മാർക്കും നന്ദി. എല്ലാമാസവും മൂന്നാം ഞായറാഴ്ചകളിൽ വൈകിട്ട് അഞ്ചുമണി മുതൽ ജ്ഞാനോദയിൽ വച്ച് കാർമെൽ ബഡ്സ് നടത്തുന്നതാണ്.

# *From the STARTT Desk........*

As part of the STARTT classes in July and August, we had two special sessions

**"Field trip to a Bank"** for the Youth Group .



On 29th July, the Youth group of STARTT SLP visited Kotak Mahindra Bank, Lavelle Road Branch to familiarize themselves with typical banking operations. It was a great learning experience which involved a class room session on 2nd July on Basic Banking followed by this on site session. The children could interact with the bank staff and clarify their queries face to face .Special thanks to Rishi K Martin, Associate Vice President and Sr Branch Manager, Kotak Mahindra Bank, Lavelle Road for hosting us and making it a memorable event

**"Being Safe on the Internet** "by Sebastian Edasserry ( Head of Security and Investigations, Deloitte India) for the J, S & Y groups

On 19th August, the STARTTites had a very useful and relevant session on "Being Safe on the Internet" by Mr. Sebastian Edassery .The session started with a brief introduction to Internet and associated challenges in controlling the outward movement of confidential data and inward movement of malware on which a user has hardly any control. Challenges posed by criminals operating under assumed identities and risks of believing and acting on the communications received online, were emphasized through multiple case studies. By stressing on the legal provisions against some of the current trends like cyber bullying, use of Social networking platforms without reasonable security practices etc, youth were cautioned about chances of getting into conflicts with law.Different case studies and examples were provided to highlight the necessity for exercising control on installing certain apps and use of illegal tools for downloading copyrighted or banned contents. The concept of "Think before you post" was well articulated with a case study on how a post today can jeopardize a person'scareer in future. The speaker also demonstrated a method for creating secure and easily memorable passwords.

Before concluding the session, there was an engaging Q&A session where the expert answered the many queries of the STARTTites.He also updated students on the various career prospects in the field of 'cyber security and analysis' such as Data Analytics, Forensic Analytics, Cyber Forensics, etc.

Apart from this, we had the regular sessions including the Current Affairs Quiz, Word Power, Logical Reasoning, Group Dynamics .

ജന്മദിനാശംസകൾ



**Sholly Davis**

50 YEARS BIRTHDAY (22 8 1967)

*Thanks Giving*



**Sunila Joy & Dency Joy**

## Independence Day Celebration 2017



## Independence Day Celebration @ KIDZEE





## Kidzee Onaghosham & Kidzee celebrating the Feast of the Nativity of our Lady





## Angels Meet 2017, Diocese of Mandya





# ഇടവക വാർത്തകൾ



### ഇടവകയ്ക്ക് പുതിയ ട്രസ്റ്റിമാർ

ജൂലൈ 23 ന് നടന്ന ഇടവകയുടെ വാർഷികപൊതുയോഗത്തിൽ അഡ്വ. ജോർജ്ജ് ജോസഫ്, ശ്രീ. ജോൺ സാജു, ശ്രീ. ജോർജ്ജ് ചാക്കോ എന്നിവരെയും ജൂലൈ 30 ന് നടന്ന Donor Members ന്റെ മീറ്റിംഗിൽ മിസ്റ്റർ ബിജു ജോർജ്ജ്, മിസ്റ്റർ ബെഞ്ചമിൻ റാഫേൽ, മിസ്റ്റർ ഷെറിൻ പി. ദേവസ്സി എന്നിവരെയും ട്രസ്റ്റിമാരായി തിരഞ്ഞെടുക്കുകയുണ്ടായി. ഇവർക്ക് ഇടവകയുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങളും, ആശംസകളും. ആഗസ്റ്റ് 6 ന് 7 മണിയുടെ ദിവ്യബലിമധ്യേ പുതിയ ട്രസ്റ്റിമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.

2016-17 ൽ ഇടവകയിൽ ട്രസ്റ്റിമാരായി സേവനം ചെയ്ത് സ്ഥാനമൊഴിഞ്ഞ പ്രൊഫസർ ഡോ. ജെയിൻ മാത്യു, ശ്രീ. ഐസക് കെ. എബ്രാഹം, ശ്രീ. ബേബി ജോസഫ്, ശ്രീ. തോമസ് കെ. എസ്., ശ്രീ. ബെന്നി സെബാസ്റ്റ്യൻ, ശ്രീ. ചാർളി മാത്യു എന്നിവർക്ക് ഇടവകയുടെ പേരിൽ നന്ദി.

### ഏകദിന ആയുർവേദ മെഡിക്കൽ ക്യാമ്പ്

ജൂലൈ 30 ന് പിതൃവേദിയുടെ നേതൃത്വത്തിൽ ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റലുമായി സഹകരിച്ച് ഏകദിന ആയുർവേദ മെഡിക്കൽ ക്യാമ്പ് 9 മണി മുതൽ 1 മണി വരെ സെന്റ് ചാവറ ഹാളിൽ വച്ച് നടത്തി.

### യൂത്ത് മീറ്റിംഗ്

St. Thomas Youth ന്റെയും Santhom Professional Forum ത്തിന്റെയും മീറ്റിംഗ് സംയുക്തമായി ആഗസ്റ്റ് 6 ന് 9 മണിയുടെ ദിവ്യബലിക്കുശേഷം സെന്റ് ചാവറ ഹാളിൽ വച്ച് നടന്നു. റവ. ഡോ. സെബാസ്റ്റ്യൻ പയ്യപ്പിള്ളി സി.എം.ഐ. വിവാഹത്തെ സംബന്ധിച്ച കത്തോലിക്കാസഭയുടെ പഠനങ്ങളെകുറിച്ച് സംസാരിച്ചു. ധാരാളം യുവജനങ്ങൾ ഈ മീറ്റിംഗിൽ സംബന്ധിച്ചു.

### മൈനോരിറ്റി സ്കീം ഉദ്ഘാടനവും ലോൺ വിതരണവും

മൈനോരിറ്റി സ്കീം ഉദ്ഘാടനവും ലോൺ വിതരണവും കർണ്ണാടക ട്രാൻസ്പോർട്ട് മിനിസ്റ്റർ ശ്രീ. രാമലിംഗ റെഡ്ഡി ആഗസ്റ്റ് 6 ന് പാരീഷ് ഹോളിൽ വച്ച് നിർവ്വഹിച്ചു. ബെംഗളൂരു യൂത്ത് കോഗ്രസ്സ് വൈസ് പ്രസിഡന്റ് മിസ്സ് സൗമ്യ രാമലിംഗറെഡ്ഡി മീറ്റിംഗിൽ സന്നിഹിതയായിരുന്നു.

### വോട്ടേഴ്സ് ഐ.ഡി. കാർഡ്

വോട്ടേഴ്സ് ഐ.ഡി. പുതിയതായി എടുക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ആഗസ്റ്റ് 13–ാം തിയതിയും ആഗസ്റ്റ് 15–ാം തിയതിയും ഇടവകയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ പാരീഷ് ഓഫീസിൽ സൗകര്യം ഏർപ്പെടുത്തിയിരുന്നു. ധാരാളം പേർക്ക് ഈ സേവനം പ്രയോജനപ്പെടുകയുണ്ടായി.

### മാതാവിന്റെ സ്വർഗാരോപണ തിരുനാളും, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും

അഗസ്റ്റ് 15–ാം തിയതി ചൊവ്വാഴ്ച മാതാവിന്റെ സ്വർഗാരോപണ തിരുനാളും, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും, ഇടവകയിൽ ആഘോഷിച്ചു. രാവിലെ 7 മണിയുടെ ആഘോഷമായ ദിവ്യബലിക്കുശേഷം പതാക ഉയർത്തൽ ഉണ്ടായിരുന്നു.

### ഭവന വെഞ്ചിരിപ്പ്

ഇടവകയിലെ വാർഡുകളിലെ ഈ വർഷത്തെ ഭവന വെഞ്ചരിപ്പ് സമാപിച്ചു. വെഞ്ചിരിപ്പിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയ കൗസിലേഴ്സിന് പ്രത്യേകം നന്ദി. Other Area യിലുള്ള ഭവനങ്ങൾ വീടുവെഞ്ചിരിപ്പിന്റെ ക്രമീകരണങ്ങൾക്കുവേണ്ടി പാരീഷ് ഓഫീസുമായി contact ചെയ്യേതാണ്.

### Blood Donation Camp

സാന്തോം പ്രൊഫഷണൽ ഫോറത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 20–ാം തിയതി 8 മണി മുതൽ 1 മണി വരെ St. Joseph's Hall ൽ വച്ച് Blood Donation Camp നടത്തി. Blood Donation ന്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കി ധാരാളം പേര് ഇതിനോട് സഹകരിക്കുകയുണ്ടായി.

### Catechism PTA - General Body Meeting

Catechism PTA - General Body Meeting, August 27–ാം തിയതി 9 മണിയുടെ ദിവ്യബലിക്കുശേഷം മിനി ഹാളിൽ വച്ച് കൂടി. സെപ്റ്റംബർ 29, 30, ഒക്ടോബർ 1 തിയതികളിൽ നടക്കു കുട്ടികളുടെ ധ്യാനത്തെ കുറിച്ച് പ്രധാനമായും ചർച്ച ചെയ്ത ഈ മീറ്റിംഗിൽ ധ്യാനത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ കമ്മറ്റികൾ രൂപീകരിക്കുകയുണ്ടായി.

1 മുതൽ 12 ഉൾപ്പെടെയുള്ള ക്ലാസ്സുകാർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ധ്യാനത്തിന് ഒരുക്കമായി ഞായറാഴ്ചകളിൽ 10.30 മുതൽ 12 വരെ നിത്യാരാധന ചാപ്പലിൽ മാതാപിതാക്കളുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു.

### വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാൾ

ആഗസ്റ്റ് 29–ാം തിയതി വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാൾ ഇടവകയിൽ ആചരിച്ചു. വൈകിട്ട് 5.30 ന് ആഘോഷമായ ദിവ്യബലിയും നവനാൾ പ്രാർത്ഥനയും നേർച്ചവിതരണവും ഉണ്ടായിരുന്നു.

### സാന്തോം സൗഹാർദ്ദ ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ്

സാന്തോം സൗഹാർദ്ദ ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 2016–17 വർഷത്തെ വാർഷിക പൊതുയോഗം സെപ്റ്റംബർ 3–ാം തിയതി 10.30 ന് എ.സി ഹാളിൽ വച്ച് കൂടി.

### എട്ടുനോമ്പ്

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനൊരുക്കമായുള്ള 8 നോമ്പാചരണം സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള തീയതികളിൽ ഭക്ത്യാദരപൂർവ്വം നടന്നു. വൈകുന്നേരം 5 മണിക്ക് ജപമാലയും ദിവ്യബലിയും തുടർന്ന് എട്ടുനോമ്പ് പ്രാർത്ഥനയും ഉണ്ടായിരുന്നു. ഓരോ ദിവസവും നിശ്ചയിക്കപ്പെട്ട വാർഡുകളും കോൺവെന്റുകളും ജപമാലയ്ക്ക് നേതൃത്വം നൽകി. സെപ്റ്റംബർ 8–ാം തിയതി പരി. മാതാവിന്റെ ജനന തിരുന്നാൾദിനം ഫാ. എമിൽ അബ്രാഹം എം.സി.ബി.എസ്. ദിവ്യബലി അർപ്പിക്കുകയും ഫാ. ജോജോ കാച്ചപ്പിള്ളി തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. തിരുക്കർമ്മങ്ങളിലും, പ്രദക്ഷിണത്തിലും, എട്ടുനോമ്പ് പ്രാർത്ഥനകളിലും നിരവധി വിശ്വാസികൾ പങ്കെടുത്തു.

### ഏയ്ഞ്ചൽസ് മീറ്റ് – 2017

കഴിഞ്ഞ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായുള്ള 'ഏയ്ഞ്ചൽസ് മീറ്റ്' സെപ്റ്റംബർ 3–ാം തിയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ വൈകുരേം 3 മണി വരെ രൂപതയുടെ നേതൃത്വത്തിൽ ക്രൈസ്റ്റ് സ്കൂളിൽ വച്ച് നടക്കുകയുണ്ടായി. 9 മണിയുടെ ദിവ്യബലിയോടെ ആരംഭിച്ച പരിപാടിയിൽ ബിഷപ്പ് മാർ ആന്റണി കരിയിൽ അദ്ധ്യക്ഷനായിരുന്നു. വിവിധ ഇടവകകളിൽ നിന്ന് 300 ഓളം കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കുചേർന്നു.

### പൂക്കളം

സെന്റ് തോമസ് യൂത്ത് അംഗങ്ങൾ ഓണനാളിൽ ദേവാലയത്തിനുമുന്നിൽ അതിമനോഹരമായ പൂക്കളം ഒരുക്കി. അവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ!

### ക്രൈസ്റ്റ് നഗർ സ്കൂളിൽ ഓണാഘോഷം

ക്രൈസ്റ്റ് നഗർ പബ്ളിക് സ്കൂളിൽ ആദ്യ ഓണാഘോഷം 6–ാം തിയതി ബുധനാഴ്ച 10.30 ന് നടന്നു. കുട്ടികളുടെ കലാപരിപാടികളും, അത്തപൂക്കള മത്സരവും, ഓണസദ്യയും ഉണ്ടായിരുന്നു. പ്രിൻസിപ്പൽ സ്വീത മേരി റെജി, മാനേജർ ഫാ. സിറിയക് മഠത്തിൽ സി.എം.ഐ, തുടങ്ങിയവർ പങ്കെടുത്തു.



### കൃപാലയ ബെനഫാക്ടേഴ്സ് ഡേ

ഇടവകയുടെ സ്വസ്ഥാപനമായ കൃപാലയയിൽ സെപ്റ്റംബർ 9 ന് കൃപാലയ ബെനഫാക്ടേഴ്സ് ഡേ ആയി ആചരിച്ചു. വൈകുന്നേരം 6 മണിക്കു നടന്ന ദിവ്യബലിയിൽ ആശ്വാസ് ഡയറക്ടർ റവ. ഫാ. ജോൺ മാരിയൂസ്, സി.എം.ഐ. മുഖ്യകാർമ്മികത്വം വഹിച്ചു. ധർമ്മാരാം അഡ്മിനിസ്ട്രേറ്റർ റവ. ഫാ. മാത്യു തേനംകാലായിൽ സി.എം.ഐ., വികാരിയും ഡയറക്ടറുമായ ഫാ. സിറിയക് മഠത്തിൽ സി.എം.ഐ. എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് നടന്ന പൊതു സമ്മേളനം ബി.ബി.എം.പി. കൗൺസിലർ ശ്രീ. ജി. മഞ്ജുനാഥ് ഉദ്ഘാടനം ചെയ്തു. ധർമ്മാരാം റെക്ടർ ഫാ. ജോർജ്ജ് എടയാടിയിൽ തോമസ് ഐക്കര, വികാരി ജനറാൾ മോ. മാത്യു കോയിക്കര, അസി. വികാരിമാരായ ഫാ.ജസ്റ്റിൻ മണ്ണിനേഴത്ത്, ഫാ. ബെന്നി തറക്കുന്നേൽ, ട്രസ്റ്റിമാർ, കൃപാലയയിൽ നിസ്വാർത്ഥമായി സേവനം ചെയ്യുകയും കൃപാലയുടെ നടത്തിപ്പിനായി ആത്മീയമായും ഭൗതികമായും സഹകരിക്കുകയും ചെയ്യുന്ന അൽമായർ, ബഹു. ബ്രദേഴ്സ്, സിസ്റ്റേഴ്സ് തുടങ്ങിയവർ കൃപാലയ മക്കളോടൊപ്പം പങ്കുചേർന്നു. പ്രായഭേദമെന്യെ കുട്ടികളും, അമ്മമാരും, കൃപാലയ നിവാസികളും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.

## ഓർത്തിരിക്കാൻ

### വാഹന വെഞ്ചരിപ്പ്

സെന്റ് ക്രിസ്റ്റഫർ അസോസിയേഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 24–ാം തിയതി ഞായറാഴ്ച വാഹന ആശീർവ്വാദ ദിനമായി ആചരിക്കുന്നു. എല്ലാ ദിവ്യബലി കൾക്കുശേഷം അപകടരഹിതയാത്രയ്ക്കുള്ള പ്രത്യേക പ്രാർത്ഥനയും വാഹന വെഞ്ചരിപ്പും ഉണ്ടായിരിക്കും.

### ജപമാല

ഒക്ടോബർ മാസത്തിലെ ജപമാല 6–ാം തിയതി വെള്ളി യാഴ്ച മുതൽ 15–ാം തിയതി ഞായറാഴ്ചവരെ 10 ദി വസം നമ്മുടെ ഇടവകദേവാലയത്തിൽ ആഘോഷ മായി നടത്തുന്നു.

### Sunday School Retreat

Sunday School വിദ്യാർത്ഥികൾക്കായുള്ള ധ്യാനം സെപ്റ്റംബർ 29, 30, ഒക്ടോബർ 1 തീയതികളിൽ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. 1 മുതൽ 12 ഉൾപ്പെടെയുള്ള ക്ലാസ്സുകാർക്കുവേണ്ടി ഒരുക്കിയിരി ക്കുന്ന ഈ ധ്യാനത്തിൽ എല്ലാ കുട്ടികളും പങ്കെടുക്കേ ണ്ടതാണ്. ഈ ധ്യാനത്തിന് ഒരുക്കമായി ഞായറാഴ്ച കളിൽ നിത്യാരാധന ചാപ്പലിൽ 10.30 മുതൽ 12 വരെ നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയിൽ സാധിക്കുന്ന എല്ലാ മാതാപിതാക്കളും പങ്കെടുക്കേണ്ടതാണ്.

### മാതൃസംഗമം

'അമ്മ ജീവന്റെ സംരക്ഷകയും കുടുംബത്തിന്റെ വിളക്കും' മണ്ഡ്യരൂപത മാതൃവേദി ദിനം ഒക്ടോബർ 2, 2017 തി ങ്കളാഴ്ച്ച മത്തിക്കരെ സെന്റ് സെബാസ്റ്റ്യൻ ഫൊറോന ദേവാലയത്തിൽ വച്ച് നടത്തുന്നു.

### ബൈബിൾ കലോത്സവം

മണ്ഡ്യ രൂപത Bible & Catechetics കമ്മീഷന്റെ നേ തൃത്വത്തിൽ ബൈബിൾ കലോത്സവം നവംബർ 19, 25, 26 തിയതികളിൽ നടത്തപ്പെടുന്നു.

### Mission Sunday

Mission Sunday ഒക്ടോബർ 15–ാം തിയതി നടത്തുന്നു

### ആദ്യകുർബാന–സ്ഥൈര്യലേപന ക്ലാസ്സുകൾ

2018 ജനുവരി 7 ന് നടക്കുന്ന ആദ്യകുർബാന–സ്ഥൈര്യ ലേപന സ്വീകരണത്തിന്റെ ക്ലാസ്സുകൾ ഒക്ടോബർ 29–ാം തിയതി ആരംഭിക്കുന്നു.



സാന്തോം മെസഞ്ചർ ഒരുക്കിയ കവർ പേജ് മത്സരത്തിൽ നിന്നും...

Donel K. Jaison








## സാന്തോം ഗ്രീൻ ആർമി

സെന്റ് തോമസ് ഫൊറോന പള്ളിയുടെ ആഭിമുഖ്യത്തിൽ നാ നോ ടെക്നോളജി എന്ന നൂതന സാങ്കേതികവിദ്യ പ്രയോജന പ്പെടുത്തിക്കൊണ്ട് ടെറസ് കൃഷി ചെയ്യുന്നതിന് ആവശ്യമായ അറിവും പരിശീലനവും നൽകുന്നു.

ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഇടവക ഓഫീസുമായി ബന്ധപ്പെടുക. ഗ്രോ ബാഗും കൃഷി ക്കാവശ്യമായ നാനോ ടെക്നോളജി ഉത്പ്പന്നങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതായിരിക്കും

**Sebastian: 9482865512,**
**John: 8050061434**

# എഫാത്ത ബൈബിൾ ക്വിസ്




## ജോയേൽ - ആമോസ്

1. ഇടയന്മാരുടെ മേച്ചിൽ സ്ഥലങ്ങൾ വിലപിക്കുന്നു. കാർമ്മൽ മലയുടെ മുകൾപ്പരപ്പോ?
2. നിങ്ങളുടെ അതിക്രമങ്ങൾ എത്രയെന്നും നിങ്ങളുടെ പാപങ്ങൾ എങ്ങനെയുള്ളതുമാണ്?
3. കൊട്ടാരത്തിൽ നിന്നുയരുന്ന ഗാനങ്ങൾ അന്ന എങ്ങനെ പരിഗണിക്കും?
4. മദ്യപന്മാരെ ഉണർന്നു വിലപിക്കുവിൻ, വീഞ്ഞു കുടിക്കുന്നവരോ?
5. പർവ്വതങ്ങളിൽ നിന്നു മധുരവീഞ്ഞു ഇറ്റു വീഴും, കുന്നുകളിൽ നിന്നു എന്താണ് ഒഴുകുന്നത്?
6. തൂക്കു കട്ടയുടെ സഹായത്തോടെ പണിതുയർത്തിയ ഒരു മതിലിനോടു ചേർന്നു കയ്യിൽ തൂക്കു കട്ടയുമായി ആരാണ് നിൽക്കുന്നത്?
7. നിങ്ങളുടെ പാർപ്പിടങ്ങളിൽ ആഹാരത്തിന്റെ തരിപോലും ഇല്ലാതാക്കി എന്നിട്ടും നിങ്ങൾ എന്തുചെയ്തു?
8. അവർ നീതിമാന്മാരെ വെള്ളിക്കു വിൽക്കുന്നു ഒരു ജോടി ചെരുപ്പിനോ?
9. കർത്താവിന്റെ ദിനം മഹത്വം അത്യന്തം ഭയാനകവുമാണ് ആർക്കു അതിനെ എന്തുചെയ്യാനാകും?
10. കർത്താവിന്റെ നിയമത്തെ പരിത്യജിച്ചു അവിടുത്തെ കൽപ്പനകളോ?
11. യാക്കോബിന്റെ അഹങ്കാരം എനിക്കു അറപ്പാണ്. അവന്റെ ശക്തി ദുർഗ്ഗങ്ങളെയോ?
12. കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മധ്യേ നിന്നു എങ്ങനെ പ്രാർത്ഥിക്കണം?
13. ശ്രേഷ്ഠന്മാരേയും, ദേശവാസികളേയും നിങ്ങളുടെ ദൈവമായ കർത്താവിന്റെ ആലയത്തിൽ എന്തുചെയ്യണം?
14. എന്റെ ജനമായ ഇസ്രായേലിന്റെ ഐശ്വര്യം ഞാൻ എന്തുചെയ്യും?
15. അന്നു ഇങ്ങനെ സംഭവിക്കും എല്ലാവരുടെയും മേൽ എന്റെ എന്താണ് ഞാൻ വഹിക്കുന്നത്.?

## Ephatha Bible Quiz

1. 'the pastures of the shepherds dry up, and the top of Carmel ..........."
2. 'For I know how many are your offenses and how ........ your sins.'
3. "In that day," declares the Sovereign LORD, "the songs in the temple will turn to ..........
4. Wake up, you drunkards, and weep! ...... all you drinkers of wine;'
5. "In that day the mountains will drip new wine,.." What will the hills flow with?
6. Who was standing by a wall that had been built true to plumb, with a plumb line in his hand.
7. "I gave you empty stomachs in every city and lack of bread in every town, " Yet how do the people respond?
8. They sell the innocent for silver, and the .......... for a pair of sandals.
9. The day of the LORD is great; it is dreadful. Who can ........ it?
10. Because they have rejected the law of the LORD and have ........ his decrees,
11. "I abhor the pride of Jacob and ....... his fortresses;"
12. How should the priests who stand between the portico and the altar pray to Him?
13. Summon the elders and all who live in the land to the house of the LORD your God, and ........ to the LORD.
14. What will the Lord do for His people Israel?
15. "And afterward, I will pour out ........... on all people."

## നിബന്ധനകൾ

1. 2017 സെപ്റ്റംബർ 24 ന് നകം ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.
2. അൽമായർക്കുവേണ്ടി മാത്രമാണ് ഈ മത്സരം. ഒരു കുടുംബത്തിൽ നിന്നും ഒരാളിൽ കൂടുതൽ പങ്കെടുക്കാൻ പാടില്ല
3. വ്യക്തമായും കൃത്യമായും എഴുതിയ ഉത്തരങ്ങൾക്കൊപ്പം വാർഡും, അഡ്രസ്സും, ഫോൺ നമ്പരും ചേർക്കേണ്ടതാണ്.
4. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
5. പി.ഓ.സി. (മലയാളം) എൻ. ആർ. എസ്. വി. (ഇംഗ്ലീഷ്) എന്നീ ബൈബിൾ വിവർത്തനങ്ങളാണ് ഉപയോഗിക്കേണ്ടത്.
6. മത്സരത്തെക്കുറിച്ചുള്ള വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
7. മത്സരവിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.
8. നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്. (വചനത്തിന്റെ reference എഴുതണം).
9. നിങ്ങൾ എഴുതുന്ന ഉത്തരകടലാസിലും, കവറിലും പേരും അഡ്രസ്സും ഫോൺ നമ്പറും എഴുതി പത്രാധിപരെ ഏൽപ്പിക്കുക

## BIBLE QUIZ ANSWERS REFERENCE (July 2017)

### ഹോസിയ

| | | |
|---|---|---|
| 1. | മറ്റൊരു രക്ഷകനില്ല | 13:4 |
| 2. | ആ തെറ്റിലകപ്പെടാതിരിക്കട്ടെ | 4:15 |
| 3. | അകൃത്യങ്ങൾ | 14:1 |
| 4. | രാജത്വം | 1:4 |
| 5. | പ്രവാചകൻ | 9:7 |
| 6. | ദൈവജ്ഞാനമാണ് | 6:6 |
| 7. | അതിലൂടെ ചരിക്കുന്നു | 14:9 |
| 8. | തന്റെ സൃഷ്ടാവിനെ | 8:14 |
| 9. | മുന്തിരി തോട്ടങ്ങൾ | 2:15 |
| 10. | രക്ഷ | 10:12 |
| 11. | മാടപ്രാവിനു | 7:11 |
| 12. | മുറുകെപ്പിടിക്കുക | 12:6 |
| 13. | പ്രവ്യർത്തികൾ | 5:4 |
| 14. | പരിശുദ്ധനായവനോട് | 11:12 |
| 15 | കൃപയ്ക്ക് | 3:5 |

## WEDDING KNELL

| | |
|---|---|
| 1. Lawrence Joseph & Seema Martina V J | 15.08.2017 |
| 2 Dinesh Antony Daniel & Bella Thomas | 19.08.2017 |
| 3 David Joy & Reshma Louis | 20.08.2017 |

## Bible Quiz കഴിഞ്ഞ ലക്കം വിജയികൾ

| | |
|---|---|
| Tresa Jacob | St. Sebastian's Ward, Ashok Nagar |
| Anitta P Chacko | St. Xaviers Ward |
| Lilly John | St. Pauls Ward, Chickadugodi |

## BAPTISM

| | |
|---|---|
| 1 Divya K M (Mary Theres) | 22.07.2017 |
| 2 Deepshikha Pathak (Angela) | 29.07.2017 |
| 3 Neil Vadakkan (Raphael) | 29.07.2017 |
| 4 Avona Maria Praseed (Maria) | 06.08.2017 |
| 5 George Mario Punnathanath | 07.08.2017 |
| 6 Alron Dinesh (Joseph) | 13.08.2017 |
| 7 Antony P George | 15.08.2017 |
| 8 Ronald Roshan (Joseph) | 20.08.2017 |
| 9 Johaan C Delson (Devassy) | 20.08.2017 |
| 10 V B Alphonsa (Rossa) | 20.08.2017 |

## MASS TIMINGS

**SUNDAYS:**

| | |
|---|---|
| 05.45 am | Malayalam |
| 07.00 am | Malayalam |
| 09.00 am | Malayalam |
| 11.00 am | English |
| 05.30 pm | Malayalam |

**WEEK DAYS:**

| | |
|---|---|
| 06.00 am | Morning Prayer, |
| 06.10 am | H. Mass |
| 05.30 pm | H. Mass |

**Tuesday:** Novena to St. Chavara Kuriakose Elias (after Evening Mass)

**Friday:** Novena to Sacred Heart of Jesus

**Saturday:** Novena to Our Lady of Perpetual Succour (after Morning Mass & Evening Mass)

**Adoration:** Perpetual Adoration Chapel (7 am - 10 pm) and Evening adoration on 1st Friday of every month in the Church.

*NB:* **Confession:** During Sunday Mass, on request on Weekdays & Sunday before and / or after H. Mass

# BONIYEM
CATERERS & EVENTS

From the Group of Royal Chef Caterers Chalakudy Kerala



Door No. 5 Koppa Main Road ,Near Christ Academy School, Bingipura, Bangalore

www.boniyemeventplanners.com, Email : boniyembangalore@gmail.com, boniyemeventplanners

Ph : +91 9481 424 113, 91 9008 176 049, +91 9481 423 559



JOSE K
9447 541 586
9947 955 011


# PALA'S CATERERS
## OUTDOOR CATERING SERVICE

HO. Pala, Regional Office Kozhikode

KERALA TAMILNADU KARNATAKA


Five Star Deluxe Standards and Hygienic Tasty Food Are the Hall Mark of
Mangalya
CATERERS
THE ART OF FINE CATERERS
H.O.: 98806 17261, 97438 99948
Our Specials
Duck Roast
Prawns Fry
Fish Moly
Pork Vindaloo
മംഗല്യ


JC
JAISON CATERERS
The Taste of Bangalore)
Jaison Vezhapparambil
Tel: 080 25524540
Cell: 92431 03753
No. 8, Brindavan Nagar, Ramaiah Gardens, D.R.C. Post
Bangalore - 560 029
E-mail : jaisoncaterers@yahoo.com




facebook.com/joyalukkas.in
www.joyalukkas.com

Joyalukkas
World's favourite jeweller

**BENGALURU**: M G Road, Ph: 080 25589916 • **JAYANAGAR**: 4th Block, Ph: 080 26634448
**MALLESWARAM**: Sampige Road, Ph: 080 23466916 • MANGALURU • MYSURU • HUBBALLI • SHIVAMOGGA • BELAGAVI
UDUPI • HASSAN • DAVANGERE • 130 SHOWROOMS AROUND THE WORLD • SPACIOUS PARKING


Alice
GOLD | DIAMONDS | PLATINUM
Designer
CHETTUPUZHA GROUP
SINCE 1914
BUY A BEAUTIFUL FUTURE
Light Weight
#50 Dispensary Rd.
Ph No: 08025591378
#218/1 Kammanahalli
Ph No: 08025441145